# KSSIA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. JULY 2025. ₹5.00

VOL. 10 - ISSUE NO. 01 - DATE OF PUBLICATION 25TH JULY, 2025 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24




## സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായം

കേരളത്തിലെ നവ സംരംഭകർക്ക്
പുരോഗതിയിലേക്കും
സമൃദ്ധിയിലേക്കും ഉള്ള പാത.



FREEPIK

KSIDC

Government of Kerala

# The State on the Rise: Kerala's 100% Growth in Foreign Direct Investment




www.ksidc.org

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94475 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743
M.M. Mujeeb Rahiman
Ernakulam. ✆ 94477 36134
Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Thomas Mathew.. ✆ 80756 59942
Eshaque K.......... ✆ 98470 08185

**Publisher**
A. Nizarudeen
✆ 94477 10078

**Printer**
Rajesh G.
✆ 98957 03837

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538


## ഉള്ളടക്കം


- **എഡിറ്റോറിയൽ:**
  വനിതാ പ്രാതിനിധ്യം, സംഘടനയിൽ .............. 03
- **പ്രസിഡൻഷ്യൽ റിപ്പോർട്ട്:**
  വ്യവസായ സൗഹൃദ അന്തരീക്ഷത്തിന് അനുയോജ്യമല്ല: ഈ പണിമുടക്കും സമര രീതികളും ... 05
- **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:**
  മൂലധന സബ്സിഡി സ്കീം മാനദണ്ഡങ്ങളിൽ മാറ്റം വേണം.................................................. 07
- **വ്യവസായികൾക്കുള്ള ഇൻഷുറൻസ്**
  പ്രശ്നങ്ങളും പരിഹാരങ്ങളും ........................ 09
- **ജി.എസ്.ടി.**
  ജി.എസ്.ടി. ഓഡിറ്റ് എന്നാൽ 'ജി.എസ്.ടി. കുറ്റപത്രമോ'? ......................................... 10
- **ഇന്ത്യ ഹൊറേക എക്സ്പോ 2025** ................12
- **സംരംഭകർ കെട്ടിടം നിർമ്മിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ**............... 14
- **സംരംഭക കേരളത്തിന്റെ അഭിമാനപഥം: സംസ്ഥാനത്തെ എം.എസ്.എം.ഇ. മേഖല കുതിക്കുന്നു** ........................................ 16
- **മലബാറിലെ വ്യവസായ വികസനം - റീ ഇൻവെന്റ് മലബാർ** .............................. 20


**KSSiA NEWS**
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION - JULY 2025 - ₹ 5.00

## എഡിറ്റോറിയൽ

# വനിതാ പ്രാതിനിധ്യം, സംഘടനയിൽ



രാഷ്ട്ര ഭരണമേധാവികൾ മുതൽ, ആകാശങ്ങളുടെ ഉയരങ്ങളിലേക്ക് വിമാനം പറത്തുന്ന, കേരം തിങ്ങും കേരള നാട്ടിലെ തെങ്ങുകയറ്റ തൊഴിലാളികൾ വരെ നീണ്ടുനിൽക്കുന്ന പ്രവർത്തിമേഖലകളിൽ സ്ത്രീകൾ ആധിപത്യം സ്ഥാപിച്ചു കഴിഞ്ഞ കാലമാണിത്.

ലോകമാകെ സ്ത്രീശക്തി പുരുഷ മേധാവിത്വത്തെ വെല്ലുന്ന കാലം. ഭരിക്കുന്ന ഭർത്താവും ഭരിക്കപ്പെടേണ്ട ഭാര്യയും തുല്യമായി മാറിക്കൊണ്ടിരിക്കുന്ന കാലം. ആൺ പെൺ അവകാശങ്ങളിൽ ഏറ്റക്കുറച്ചിലുള്ള നിയമങ്ങൾ മാറ്റുവാൻ ശബ്ദം ഉയർന്നു തുടങ്ങിയിട്ടുണ്ട്. ഭർതൃ മേൽകോയിമയെ ധിക്കരിക്കാൻ വേണ്ടി തന്നെ വിവാഹമേ വേണ്ട എന്ന യുവതികളുടെ സമത്വബോധം ഇന്ന് പ്രധാനമായും ചർച്ച ചെയ്യുന്ന അവസ്ഥയിലാണ് നാം എത്തിനിൽക്കുന്നത്. അപ്പോഴും നമ്മുടെ സംഘടനയിൽ, നേതൃത്വ നിരയിൽ വേണ്ടത്ര വനിതാ പങ്കാളിത്തം ഇല്ല എന്നത്, പരിഗണിക്കേണ്ട ഒരു സത്യമാണ്.

നമ്മുടെ സംഘടന സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ ഉല്പാദകരുടേത് ആണ്. 17 സെക്ടർ സംഘടനകളും ഉണ്ട്. ഇതിലെ അംഗങ്ങൾക്ക് വേണ്ടി മാത്രമല്ല, പുതിയ സംരംഭകർക്കും വേണ്ടിയാണ്, ഈ സംഘടന പ്രവർത്തിക്കുന്നത്.

എല്ലാ യൂണിറ്റുകളുടെയും പ്രവർത്തനക്ഷമതയും വളർച്ചയുമാണ് നമ്മുടെ ലക്ഷ്യം. ആ ലക്ഷ്യം സാധ്യമാകും വിധമാണ് സംഘടനയുടെ പ്രവർത്തനരീതി. അതിന്റെ ഉദാഹരണമാണ് നമ്മുടെ പ്രസിദ്ധീകരണം, "കെ.എസ്.എസ്.ഐ.എ. ന്യൂസ് വ്യവസായ മാസിക".

ഈ മാസികയിൽ വ്യവസായികളുടെ സംശയങ്ങൾ, ആവശ്യങ്ങൾ, പരാതികൾ എന്നിവ ചോദിക്കാവുന്നതാണ്. വേണ്ടുന്ന നിർദ്ദേശങ്ങളും ഉത്തരങ്ങളും വിദഗ്ധർ കൃത്യമായി മറുപടി നൽകുന്നുണ്ട്.

നമ്മുടെ സംഘടനയിൽ സ്ത്രീകളായ വ്യവസായികളും ഉണ്ട്. ചർച്ചയിലും പൊതുകാര്യ ചർച്ചകളിലും പങ്കെടുക്കാൻ അവർ പലപ്പോഴും പ്രതിനിധികളെ അയയ്ക്കുകയാണ് പതിവ്. ഇത്തരം കീഴ്‌വഴക്കങ്ങൾ നിശ്ചയമായി ഒഴിവാക്കേണ്ടതാണ്. വ്യാവസായിക രംഗത്തും അതിന്റെ വളർച്ച ലക്ഷ്യമിടുന്ന സംഘടനകളിലും സ്ത്രീകളും സജീവമാകണം. അതിനായി നമ്മുടെ സംഘടനയുടെ പ്രധാന പ്രവർത്തനങ്ങളിൽ നാം മുൻകൈയെടുക്കേണ്ടതുണ്ട്. അതു കാലത്തിന്റെ ഒരു ആവശ്യമാണ്.

അതിനായി നമുക്ക് ചെയ്യാവുന്ന ഏറ്റവും നല്ലൊരു മാർഗം ഭരണനേതൃത്വത്തിൽ, സ്ത്രീകൾ സുഗമമായി കടന്നു വരാൻ ഉതകും വിധം നമ്മുടെ ഭരണഘടനയിൽ ഭേദഗതി വരുത്തേണ്ടതാണ്.

**എസ്. സലിം**
**ചീഫ് എഡിറ്റർ**

MOFPI
MINISTRY OF FOOD PROCESSING INDUSTRIES
GOVERNMENT OF INDIA

PMFME

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

K-bip



# ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് വലിയ ഉയരങ്ങൾ താണ്ടാം

## പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പിഎംഎഫ്എംഇ) പദ്ധതി

**ഓരോ അപേക്ഷകനും ആദ്യാന്ത്യം സമ്പൂർണ കൈത്താങ്ങ് ഉറപ്പാക്കുന്നു**

- **10 ലക്ഷം രൂപ വരെ സബ്സിഡി**
  യോഗ്യമായ പദ്ധതി ചിലവിന്റെ 35% ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡിയായി പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം

- **എസ്.എച്ച്.ജി. അംഗങ്ങൾക്ക് 40,000 രൂപ വരെ ധനസഹായം**
  സ്വയം സഹായ സംഘങ്ങളിലെ ഓരോ അംഗത്തിനും പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും 40000 രൂപ വരെ ധനസഹായം

- **പൊതു അടിസ്ഥാന സൗകര്യത്തിന് 3 കോടി രൂപ വരെ**
  പൊതു അടിസ്ഥാന സൗകര്യത്തിനും മൂലധന നിക്ഷേപത്തിനും എസ്.എച്ച്.ജി., എഫ്.പി.ഒ., സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 3 കോടി രൂപ വരെ ധനസഹായം

കൂടുതൽ വിവരങ്ങൾക്ക്

**ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെടുക**

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033.
ഫോൺ: 91 471 2302774 | ഫാക്സ്: +91 471 2305493
ഇമെയിൽ: industriesdirectorate@gmail.com
വെബ്: www.industry.kerala.gov.in

K-bip

**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ**
2, വിദ്യാ നഗർ, പൊലീസ് ഗ്രൗണ്ടിന് എതിർവശം,
തൈക്കാട് പി.ഒ., തിരുവനന്തപുരം - 695014.
ഫോൺ: +91 471 2321882 | ഫാക്സ്: +91 471 2322883
ഇമെയിൽ: kbip@keralaindustry.org | വെബ്: www.kbip.org



## വ്യവസായ സൗഹൃദ അന്തരീക്ഷത്തിന് അനുയോജ്യമല്ല:

# ഈ പണിമുടക്കും സമര രീതികളും

**പ്രസിഡൻഷ്യൽ റിപ്പോർട്ട്**

കേരളത്തിൽ ഈസ് ഓഫ് ഡൂയിങ്ങിന്റെ ഭാഗമായി വ്യവസായങ്ങൾക്ക് നല്കുന്ന പ്രോത്സാഹനവും, ആനുകൂല്യങ്ങളും കണക്കിലെടുത്ത് നോക്കുമ്പോൾ കേരളം ബിസിനസ് ശൃംഖലയിൽ ഒന്നാമത് എത്തി നിൽക്കുകയാണ്. സംസ്ഥാന സർക്കാരും വ്യവസായ വകുപ്പും പുതു സംരംഭകരെ സംരംഭകത്വത്തിലേക്ക് കൊണ്ടു വരുന്നതിനുള്ള തീവ്രശ്രമവും തുടരുകയാണ്. ഈ സാഹചര്യവും സൗഹൃദ അന്തരീക്ഷവും എല്ലാം കണക്കിലെടുത്ത് നോക്കുമ്പോൾ കേരളത്തിൽ ഉണ്ടാകുന്ന സമര രീതികളും പണിമുടക്കുകളും നിയന്ത്രിക്കേണ്ടതുണ്ട്. വ്യവസായ സൗഹൃദ അന്തരീക്ഷത്തിന് അനുയോജ്യമായി സമര രീതികൾ കാലത്തിനനുസൃതമായി മാറിയില്ലെങ്കിൽ അത് പൊതു ശല്യങ്ങളായി മാറി കാലത്തിന്റെ കുത്തൊഴുക്കിൽ ഒലിച്ചു പോകാൻ സാധ്യതയുണ്ട്. ഈ പൊതു പണി മുടക്ക് കൊണ്ട് വ്യവസായ മേഖല, കാർഷിക മേഖല, ധനകാര്യ സ്ഥാപനങ്ങൾ, ജനജീവിതം എന്ന് വേണ്ട എല്ലാ മേഖലകൾക്കും നഷ്ടങ്ങൾ മാത്രമാണ് ഉണ്ടായിട്ടുള്ളത്.




ഉത്പാദനം സ്തംഭിപ്പിച്ചുള്ള സമര മുറകൾ അല്ല നമുക്ക് വേണ്ടത്. പണിമുടക്കുകളുടെ അനന്തര ഫലമായുണ്ടാകുന്ന ഉത്പാദന നഷ്ടം രാജ്യത്തിന് താങ്ങാൻ പറ്റാത്തതാണ്. കാലാനുസൃതമായി അവ പരിഷ്കരിക്കേണ്ടതുണ്ട്. മാറ്റങ്ങളെ എപ്പോഴും നാം ഉൾക്കൊള്ളേണ്ടതുണ്ട്. നൂതന ഉത്പാദന രീതികൾക്ക് സമരങ്ങൾ മൂലം ഉണ്ടാകുന്ന തടസ്സം കണക്കാക്കാവുന്നതല്ല. എന്തിന് ഏറെ പറയുന്നു സർക്കാരിനു തന്നെ റവന്യു വരുമാനത്തിൽ കിട്ടിയിരുന്ന കോടിക്കണക്കിന് തുകയാണ് ഈ ഒറ്റ ദിവസത്തെ സമരമുറ കൊണ്ട് നഷ്ടമായത്. ഇന്ത്യയിലെ 12 പ്രധാന തുറമുഖങ്ങളിലായി 18,000 തുറമുഖ തൊഴിലാളികൾ നടത്തുന്ന പണിമുടക്ക് ഒരു സമീപകാല ഉദാഹരണമാണ്, ഇത് പ്രതിദിനം 2,125 കോടി രൂപയുടെ

നഷ്ടമുണ്ടാക്കുന്നു. ഈ പണിമുടക്ക് തുറമുഖ തൊഴിലാളികളെ മാത്രമല്ല ബാധിക്കുന്നത്, അന്താരാഷ്ട്ര വ്യാപാരത്തിലുടനീളം ഒരു തരംഗ പ്രത്യാഘാതം സൃഷ്ടിക്കുകയും കയറ്റുമതിക്കാരെ ബാധിക്കുകയും ഭാവിയിലെ ഓർഡറുകളെ അപകടത്തിലാക്കുകയും ചെയ്യും.

ഉത്പാദനവും സേവനങ്ങളും നിലയ്ക്കുന്നതിനാൽ പണിമുടക്കുകൾ ബിസിനസുകൾക്ക് ഗണ്യമായ വരുമാന നഷ്ടത്തിന് കാരണമാകും. പണിമുടക്കുകൾ പ്രവർത്തനരഹിതമായ ഉപകരണങ്ങളും സൗകര്യങ്ങളും പരിപാലിക്കുന്നതിനുള്ള ചെലവുകൾ വർദ്ധിപ്പിക്കുന്നതിനും കാരണമാകും. പണിമുടക്കുകൾ നഷ്ടപ്പെട്ട സമയപരിധി, നഷ്ടപ്പെട്ട ബിസിനസ്സ് എന്നിവ പോലുള്ള അവസരങ്ങൾക്ക് കാരണമാകും. പണിമുടക്കുകൾ വിതരണ ശൃംഖലകളെ തടസ്സപ്പെടുത്തിയേക്കാം. ഇത് കാലതാമസത്തിനും ചെലവ് വർദ്ധനവിനും കാരണമാകും. പണിമുടക്കുകൾ കയറ്റുമതിയെ ബാധിക്കും, ഭാവി ഓർഡറുകളെ അപകടത്തിലാക്കുകയും രാജ്യത്തിന്റെ വ്യാപാര സന്തുലിതാവസ്ഥയെ ബാധിക്കുകയും ചെയ്യും. ഉൽപാദനക്ഷമതയും വരുമാനവും നഷ്ടപ്പെടുന്നത് സമ്പദ്‌വ്യവസ്ഥയിൽ കാര്യമായ സ്വാധീനം ചെലുത്തുമെന്നതിനാൽ പണിമുടക്കുകൾ രാജ്യത്തിന്റെ ജിഡിപിയെയും ബാധിക്കും. സാമ്പത്തിക ആഘാതത്തിന് പുറമേ, പണിമുടക്കുകൾ സാമൂഹികവും രാഷ്ട്രീയവുമായ പ്രത്യാഘാതങ്ങൾക്കും കാരണമാകും. പണിമുടക്കുകളിലേക്ക് നയിക്കുന്ന അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുകയും ഉൾപ്പെട്ട എല്ലാ കക്ഷികൾക്കും പ്രയോജനകരമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി പ്രവർത്തിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

നിഷ്പക്ഷ മൂന്നാം കക്ഷിമദ്ധ്യസ്ഥർക്കോ, മദ്ധ്യസ്ഥർക്കോ ചർച്ചകൾ സുഗമമാക്കാനും തർക്കങ്ങൾ പരിഹരിക്കാൻ സഹായിക്കാനും കഴിയും. വേതനം, ആനുകൂല്യങ്ങൾ, ജോലിസാഹചര്യങ്ങൾ എന്നിവ ചർച്ചചെയ്യുന്നതിന് ജീവനക്കാർക്കും തൊഴിലുടമകൾക്കും കൂട്ടായ ചർച്ചയിൽ ഏർപ്പെടാം. ഈ സമീപനം ഇരുകക്ഷികളുടെയും അടിസ്ഥാന താൽപ്പര്യങ്ങളും ആവശ്യങ്ങളും തിരിച്ചറിയുന്നതിലും അഭിസംബോധന ചെയ്യുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ജീവനക്കാരുടെ പങ്കാളിത്തവും ഇടപെടലും പ്രോത്സാഹിപ്പിക്കുന്നതിലും വിശ്വാസം വളർത്തിയെടുക്കാനും സഹകരണ ബന്ധങ്ങൾ വളർത്തിയെടുക്കാനും ഇതുവഴി സാധിക്കും.

വ്യക്തമായ ആശയവിനിമയചാനലുകൾ സ്ഥാപിക്കുക: ജീവനക്കാർ, തൊഴിലുടമകൾ, യൂണിയനുകൾ എന്നിവയ്ക്കിടയിൽ തുറന്നതും സുതാര്യവുമായ ആശയവിനിമയം വളർത്തുക. പതിവ് സംഭാഷണത്തിലൂടെയും പരസ്പര ധാരണയിലൂടെയും സഹകരണ ബന്ധങ്ങൾ പ്രോത്സാഹിപ്പിക്കുകയും വിശ്വാസം വളർത്തുകയും ചെയ്യുക. ഫലപ്രദമായചർച്ചകളും സംഘർഷപരിഹാര കഴിവുകളും വികസിപ്പിക്കുന്നതിന് ജീവനക്കാർക്കും തൊഴിലുടമകൾക്കും യൂണിയൻ പ്രതിനിധികൾക്കും പരിശീലനവും പിന്തുണയും വാഗ്ദാനം ചെയ്യുക. സഹകരണ വെല്ലുവിളികൾ നേരിടുന്നതിനും തർക്കങ്ങൾ പരിഹരിക്കുന്നതിനും ജീവനക്കാരും തൊഴിലുടമകളും ഒരുമിച്ച് പ്രവർത്തിക്കുന്ന സഹകരണത്തിന്റെയും പരസ്പര ബഹുമാനത്തിന്റെയും ഒരു സംസ്കാരം പ്രോത്സാഹിപ്പിക്കുക. ബിസിനസ്സുകൾക്കും ജീവനക്കാർക്കും വിശാലമായ സമ്പദ്‌വ്യവസ്ഥയ്ക്കും പണിമുടക്കുകൾ വിനാശകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. തർക്കങ്ങൾ പരിഹരിക്കുന്നതിനും തൊഴിലുടമകളുമായി ചർച്ച നടത്തുന്നതിനുമുള്ള ബദൽരീതികൾ പര്യവേക്ഷണം ചെയ്യുന്നതിലൂടെ, നമുക്ക് പണിമുടക്കുകളുടെ സാധ്യത കുറയ്ക്കാനും കൂടുതൽ സഹകരണപരവും ഉൽപാദനപരവുമായ ബന്ധങ്ങൾ പ്രോത്സാഹിപ്പിക്കാനും കഴിയും.

ഇരുപതാം നൂറ്റാണ്ടിലെ സമര മുറകൾ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ അവലംബിക്കുന്നത് ഈ കാലത്തിന് ഒട്ടും യോജിക്കുന്നതല്ല. ജപ്പാനിലും, തമിഴ്നാട്ടിലും ഒക്കെ ചെയ്യുന്നതുപോലെ പണിമുടക്കുകൾക്ക് പകരം ധർണ്ണകളോ, കറുത്ത ബാഡ്ജ് ധരിച്ചോ അല്ലെങ്കിൽ അനുയോജ്യ മറ്റുപല രീതികൾ അവലംബിച്ചോ സമരമുറയെ പിന്തുടരാം. അല്ലാതെ ജനജീവിതം സ്തംഭിപ്പിക്കുന്ന രീതിയിലുള്ള പണിമുടക്കുകൾക്ക് അഭിലഷണീയമായ മാറ്റങ്ങൾ അനിവാര്യമാണ്. ഇക്കഴിഞ്ഞ പണിമുടക്ക് കൊണ്ട് കേരളത്തിന് മാത്രം 2,298 കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. കാലഹരണപ്പെട്ട സമര രീതികൾക്ക് മാറ്റം കൂടിയേ തീരു.■

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**



# മൂലധന സബ്സിഡി സ്കീം മാനദണ്ഡങ്ങളിൽ മാറ്റം വേണം: വൻകിടക്കാർക്ക് നൽകുന്ന ആനുകൂല്യം എം.എസ്.എം.ഇ.കൾക്കും നൽകണം




**വോയിസ് ഓഫ് ജനറൽ സെക്രട്ടറി**

പുതിയതായി ആരംഭിക്കുന്ന എം.എസ്.എം.ഇ.കളുടെ പ്രാരംഭഘട്ടത്തിലുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിന് സംരംഭകർക്ക് നൽകുന്ന സാമ്പത്തിക ആനുകൂല്യമാണ് മൂലധന സബ്സിഡി (എന്റർപ്രണ്ണേഴ്സ് സപ്പോർട്ട് സ്കീം). നിലവിലുള്ള സംരംഭങ്ങളുടെ ആധുനികവൽക്കരണം, വിപുലീകരണം, വൈവിധ്യവൽക്കരണം തുടങ്ങിയവയ്ക്ക് വാങ്ങിക്കുന്ന സാങ്കേതികവിദ്യകളോടു കൂടിയ മിഷനറികൾക്കും സബ്സിഡി ലഭിക്കും. 2021-22 കാലഘട്ടത്തിൽ സർക്കാർ ഈ പദ്ധതിക്ക് കാതലായ മാറ്റം വരുത്തി. പൊതുവിഭാഗങ്ങൾക്ക് സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 15 ശതമാനം, പരമാവധി 30 ലക്ഷം രൂപ വരെ സബ്സിഡി ലഭിക്കും. വനിതകൾ, എസ്.സി./എസ് ടി. വിഭാഗങ്ങൾ, 45 വയസ്സിന് താഴെയുള്ള യുവതി യുവാക്കൾ, പ്രവാസി മലയാളികൾ എന്നിവർക്ക് സ്ഥിരം നിക്ഷേപത്തിന്റെ 25% പരമാവധി 40 ലക്ഷമോ ലഭിക്കും. വ്യവസായ വകുപ്പ് നിശ്ചയിച്ച മുൻഗണന വിഭാഗങ്ങൾ, പിന്നോക്ക ജില്ലയിലെ സംരംഭകർക്കും 10 ശതമാനം കൂടുതൽ സബ്സിഡി ലഭിക്കും, പരമാവധി 40 ലക്ഷം രൂപ. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന ഈ മാനദണ്ഡങ്ങൾ അശാസ്ത്രീയവും വിവേചനപരവും ആണ്. ഇത് കണക്കിലെടുത്ത് നിലവിലെ സബ്സിഡി സ്കീം പുനഃ പരിശോധിക്കുകയും, യാതൊരു പരിധിയുമില്ലാതെ എല്ലാ എം.എസ്.എം.ഇ. സംരംഭകർക്കും മൂലധന സബ്സിഡി 25% ആയി നിശ്ചയിക്കണം.



**വൻകിടക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എം.എസ്.എം.ഇ.കൾക്കും നൽകണം.**

സർക്കാരിന്റെ വ്യവസായ നയത്തിലും തുടർന്നുള്ള ബജറ്റിലും വൻകിട - മെഗാ വ്യവസായങ്ങൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ വിഭാഗങ്ങൾക്ക് സ്ഥിര മൂലധനത്തിന്റെ 10% പരമാവധി 100 കോടി രൂപ സബ്സിഡി ലഭിക്കും. ഈ മേഖല പിരിക്കുന്ന സംസ്ഥാന ജി എസ് ടി പൂർണമായും (100%) 5 വർഷത്തേക്ക് അവർക്ക് തിരിച്ചു നൽകും. 50 ശതമാനത്തിലധികം പ്രാദേശിക നിവാസികൾക്ക് സ്ഥിരമായി തൊഴിൽ നൽകുക ആണെങ്കിൽ അൻപതിൽ കൂടുതൽ വരുന്ന ഓരോ തൊഴിലാളിയുടെയും മാസ വരുമാനത്തിന്റെ 25% പരമാവധി 5,000 രൂപ വെച്ച് ഒരു കൊല്ലം തൊഴിലുടമയ്ക്ക് ലഭിക്കും. അതുപോലെ 50 ശതമാനത്തിലധികം വനിതകൾക്ക് തൊഴിൽ നൽകുന്ന സ്ഥാപനങ്ങൾക്ക് 50-ൽ കൂടുതൽ വരുന്ന ഓരോ സ്ത്രീ തൊഴിലാളികൾക്കും മാസം 5000 രൂപ വെച്ച് ഒരു കൊല്ലം നൽകും. ട്രാൻസ്ജെൻഡേഴ്സിന് മാസം 7,500 രൂപ വെച്ച് ഒരു കൊല്ലം നൽകും. വൻകിട വ്യവസായങ്ങൾക്ക് നൽകുന്ന ഈ ആനുകൂല്യങ്ങൾ എം.എസ്.എം.ഇ.കൾക്കും ബാധകമാക്കി കൊണ്ട് ഉത്തരവിറക്കണമെന്ന് എം.എസ്.എം.ഇ.കളെ പ്രതിനിധികരിക്കുന്ന കെ.എസ്.എസ്.ഐ.എ. സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. ■

**ജോസഫ് പൈകട**
**ജനറൽ സെക്രട്ടറി**



India International
INDUSTRIAL EXPO
IIIE 2026
Accelerating Industry Growth
2026 JANUARY
16 17 18
ADLUX INTERNATIONAL CONVENTION CENTRE
KOCHI | KERALA | INDIA
Limited stalls are available
Organizer
KSSIA THE KERALA STATE SMALL INDUSTRIES ASSOCIATION
METRO mart
In Association with
MSME
DEPARTMENT OF INDUSTRIES & COMMERCE
KSIDC
K-bip
For more details:
+91-9947733339
+91-9995139933
info@iiie.in
www.iiie.in






വിശ്വനാഥൻ ഒടാട്ട്

# വ്യവസായികൾക്കുളള ഇൻഷുറൻസ് പ്രശ്നങ്ങളും പരിഹാരങ്ങളും

വ്യവസായികൾ ഒട്ടേറെ റിസ്കുകൾ നേരിടുന്ന ഒരു കാലഘട്ടമാണ്. ഇന്ന് ശരിയായ ഇൻഷുറൻസ് പദ്ധതികൾ യഥാസമയം ചെയ്തില്ലെങ്കിൽ അത്യാഹിതങ്ങൾ സംഭവിക്കുമ്പോൾ ശരിയായ നഷ്ടപരിഹാരതുക ലഭ്യമാകണമെന്നില്ല. അതിനാൽ വ്യവസായികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമെന്ന് പരിശോധിക്കാം.

റിസ്കുകൾ അഥവാ ദുരന്തങ്ങളെ പൂർണ്ണമായും കവർ ചെയ്യാത്ത പോളിസികളാണ് ഭൂരിഭാഗം ആളുകളും എടുത്തിരിക്കുന്നത്. അതു പോലെ തന്നെ വ്യവസായ സ്ഥാപനം ഉൽപാദിപ്പിക്കുന്ന വസ്തുകളെ ആസ്പദമാക്കി ശരിയായ രീതിയിൽ ഇൻഷുർ ചെയ്തില്ലെങ്കിലും ഒരു ക്ലെയിം ഉണ്ടായാൽ നഷ്ടപരിഹാരം ലഭിക്കുന്നില്ല. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുമ്പോൾ ലോൺ തുകക്ക് അനുസൃതമായിട്ടാണ് ഭൂരിഭാഗം പോളിസികളും ഇൻഷൂർ ചെയ്തിരിക്കുന്നത്. തന്മൂലം ഒരു ക്ലെയിം ഉണ്ടാകുമ്പോൾ ആനുപാതികമായി ക്ലെയിം തുക കുറയുവാൻ ഇടവരുന്നു. ഒരു വ്യവസായ സ്ഥാപനത്തിന്റെ മുഴുവൻ റിസ്കുകളും പഠിച്ച ശേഷം അനുയോജ്യമായ പോളിസികൾ ചിട്ടപ്പെടുത്തി എടുക്കാൻ കഴിയാത്ത അവസ്ഥ ഇപ്പോൾ നിലനിൽക്കുന്നു. തന്മൂലം പല സാഹചര്യങ്ങളിലും നഷ്ടപ്പെട്ട തുക കിട്ടാതെ പോകുന്നു.

ഇൻഷുർ ചെയ്ത തുകയാണ് ഒരു നഷ്ടം ഉണ്ടായാൽ പരമാവതി ലഭിക്കുക അതു കൊണ്ട് ബിൽഡിങ്ങ് മെഷിനറികൾ എന്നിവ പുതുതായി നിർമ്മിക്കാനോ, വാങ്ങുവാനോ ഉളള തുകക്കായിരിക്കണം ഇൻഷുർ ചെയ്യേണ്ടത് ഇവിടെയും വീഴ്ചകൾ സംഭവിക്കാറുണ്ട്. ഇന്ത്യയിൽ ഒട്ടേറെ ഇൻഷുറൻസ് കമ്പനികളും, പോളിസികളും നിലവിലുണ്ട്. അതിനാൽ ഏറ്റവും മികച്ച കമ്പനിയുടെ നല്ല പോളിസികൾ തെരഞ്ഞെടുക്കാൻ പലപ്പോഴും സാധിക്കുന്നില്ല. ഒരു നാശനഷ്ടം സംഭവിച്ചാൽ അതിൽ ഇടപ്പെട്ടു ക്ലെയിം തുക കാലതാമസം കൂടാതെ ലഭിക്കുന്നില്ല എന്ന പരാതിയാണ് ഏറിയ പങ്കും ഇവിടെ ഇൻഷുറൻസ് പ്രൊഫഷണലുകളുടെ പങ്ക് വളരെ വലുതാണ്. അടക്കുന്ന പ്രീമിയം തുക കവർ ചെയ്യുന്ന റിസ്കുകൾ എന്നിവ താരതമ്യം ചെയ്തെടുക്കാൻ പലപ്പോഴും വ്യവസായികൾക്ക് സാധിക്കാറില്ല അതിനാൽ പോളിസികൾ താരതമ്യം ചെയ്ത് വാങ്ങുന്നതാണ് ഉചിതം.

നിലവിലുള്ള പോളിസികളിൽ എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ അത് കണ്ടെത്തി പരിഹരിക്കേണ്ടത് അത്യാവശ്യമാണ്. വ്യവസായിക്ക് ഒരു വർഷത്തിൽ ഏതെല്ലാം പോളിസികൾ വേണമെന്നും അതിൽ കവർ ചെയ്യുന്ന റിസ്കുകൾ ഏതൊക്കെയാണെന്നും ഏതു കമ്പനിയിൽ നിന്നും പോളിസികൾ വാങ്ങണമെന്നും ചൂണ്ടിക്കാണിക്കുന്ന ഒരു ഇൻഷുറൻസ് പ്ലാനർ തയ്യാറാക്കേണ്ടതാണ്. ഇതിനായി നിങ്ങളുടെ നിലവിലുള്ള പോളിസിയുടെ വിവരങ്ങൾ നൽക്കേണ്ടതാണ്.നമുക്ക് പോളിസിയിലെ നിബന്ധനങ്ങൾ ഭൂരിഭാഗവും അറിയില്ല. പോളിസി നൽകുന്ന ആളിനും അറിയില്ലെങ്കിൽ എന്താണവസ്ഥ? പോളിസി മാത്രം കയ്യിലുണ്ടാവും. നമ്മുടെ ക്ലെയിമുകളൊന്നു കിട്ടിയില്ലെന്ന് വരില്ല. നിങ്ങളുടെ ജീവൻ, വസ്തു വകകൾ, ആജീവനാന്തം സമ്പാദിച്ച സ്വത്ത് എന്നിവ സുരക്ഷിതമായി വെക്കേണ്ടത് നിങ്ങളുടെ ഉത്തരവാദിത്വമാണ്.

നിങ്ങളുടെ ജീവിതത്തിൽ സംഭവിച്ചേക്കാവുന്ന റിസ്കുകളെ പരമാവധി സംരക്ഷിക്കുകയും അതോടൊപ്പം തന്നെ വിപണിയിലെ ഏറ്റവും മികച്ചതുമായ പോളിസികൾ ലഭ്യമായാലോ? അതും ഒരു ഇൻഷുറൻസ് പ്ലാനറിന്റെ സഹായത്തോടെ. കൂടുതൽ വിവരങ്ങൾക്ക് എയിംസ് ഇൻഷുറൻസ് ബ്രോക്കിംങ് കമ്പനിയുമായി ബന്ധപ്പെടുക.■

മാനേജിംഗ് ഡയറക്ടർ, എയിംസ് ഇൻഷുറൻസ് ബ്രോക്കിംങ് കമ്പനി, ഫോൺ: 9895768333
ഇ-മെയിൽ: odatt@aimsinsurance.in



ഡോ. (അഡ്വ.) കെ.എസ്. ഹരിഹരൻ
B.Com, LLB, MBA, LLM, Phd

# ജി.എസ്.ടി. ഓഡിറ്റ് എന്നാൽ "ജി.എസ്.ടി. കുറ്റപത്രമോ"?

**ജി. എസ്.ടി. ഓഡിറ്റ് ബിസിനസുകാർക്ക് തലവേദനയാകുന്നു.ജിഎസ്ടി ഓഡിറ്റ് ബിസിനസുകാർ പൊതുവേ ഭയപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ജി.എസ്.ടി. ഓഡിറ്റിനെ കുറിച്ച് പൊതുവായി ഒന്ന് അവലോകനം ചെയ്യാമോ?**

ജി.എസ്.ടി. കമ്മീഷണർ അധികാരപ്പെടുത്തിയ ജി.എസ്.ടി. ഉദ്യോഗസ്ഥന് ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്ത നികുതി ദായകനെ ഓഡിറ്റിന് വിധേയമാക്കാൻ ജി.എസ്.ടി. നിയമത്തിലെ അറുപതിഅഞ്ചാം വകുപ്പിനുണ്ട്. ജി.എസ്.ടി. ഉദ്യോഗസ്ഥന്റെ ഓഫീസിലോ അല്ലെങ്കിൽ ബിസിനസ് നടത്തുന്ന സ്ഥലത്തോ ഓഡിറ്റ് നടത്താവുന്നതാണ് സാധാരണ നിലയിൽ പതിനഞ്ചിൽ കുറയാത്ത പ്രവർത്തി ദിനങ്ങൾക്ക് മുമ്പ് നികുതിദായകന് ഓഡിറ്റുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് നോട്ടീസ് നൽകണം. ഓഡിറ്റ് തുടങ്ങുന്ന തീയതി മുതൽ മൂന്നുമാസകാലയളവിനുള്ളിൽ സാധാരണ നിലയിൽ ഓഡിറ്റ് പൂർത്തിയാക്കേണ്ടതാണ്. അത് ആറുമാസക്കാലയളവു വരെ നീട്ടാവുന്നതുമാണ്. ഓഡിറ്റ് തുടങ്ങുക എന്ന് വെച്ചാൽ ഓഡിറ്റുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നികുതിദായകനോട് ആവശ്യപ്പെട്ട റെക്കോർഡുകളും മറ്റു രേഖകളും ലഭ്യമാക്കുന്ന തീയതിമുതലാണ്. ആ തീയതി മുതൽ മൂന്നുമാസം കൊണ്ട് ഓഡിറ്റ് പൂർത്തീകരിക്കണം എന്ന് സാരം.

ജി.എസ്.ടി. യിലെ ഓഡിറ്റിന് നികുതിദായകനോട് നികുതി നിയമത്തിൽ പറഞ്ഞിട്ടുള്ള കണക്ക് പുസ്തകങ്ങളോ മറ്റുരേഖകളോ ഹാജരാക്കാൻ പറയാനുള്ള അധികാരം ഉണ്ട്. സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കാൻ വേണ്ട വിവരങ്ങൾ ഹാജരാക്കാനും ഓഡിറ്റിനു വേണ്ട സഹായങ്ങൾ നൽകുവാനും നികുതി ദായകൻ ബാധ്യസ്ഥനാണ്. ഓഡിറ്റിന്റെ ഫലമായി അധിക നികുതി ബാധ്യത വരികയാണെങ്കിൽ അല്ലെങ്കിൽ ഏതെങ്കിലും തുക തെറ്റായി റീ ഫണ്ട് മേടിക്കുകയോ അടക്കാൻ ബാധ്യത ഉണ്ടാവുകയോ ചെയ്താൽ ആ തുക ഓഡിറ്റ് അധികാരികൾക്ക് നികുതിദായകനോട് അടയ്ക്കാൻ പറയാനുള്ള അവകാശമുണ്ട്.'Late Fee' പിഴ, തുടങ്ങി നികുതിദായകൻ സർക്കാരിലേക്ക് അടക്കാൻ ബാക്കി വെച്ചിട്ടുള്ള ഏതെങ്കിലും തുകയുണ്ടെങ്കിൽ അത് രേഖപ്പെടുത്തി അതടക്കുവാനുള്ള അറിയിപ്പ് കൊടുക്കുവാൻ ജി.എസ്.ടി. ഉദ്യോഗസ്ഥർക്ക് അധികാരമുണ്ട്.

ഓഡിറ്റുമായി ബന്ധപ്പെട്ട 9/2017 എന്ന നോട്ടിഫിക്കേഷൻ 3/3/2017, എന്ന




സർക്കുലർ സി.ജി.എസ്.ടി. ചട്ടങ്ങളിലെ 101ആം ചട്ടം സി.ജി.എസ്.ടി. നിയമത്തിലെ 73, 74 എന്നീ കാര്യങ്ങൾ വിശദമായി മനസ്സിലാക്കുന്നത് നികുതിദായകരെ സംബന്ധിച്ചാണെങ്കിലും നികുതി രംഗത്തെ പ്രൊഫഷണലുകളെ സംബന്ധിച്ചാണെങ്കിലും അനിവാര്യമാണ്.

സെക്ഷൻ അറുപതിയഞ്ചുമായി ബന്ധപ്പെട്ട ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് നടത്തുന്ന ഓഡിറ്റിനെ കുറിച്ചാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്.

എന്നാൽ Section-66 അനുസരിച്ച് സ്പെഷ്യൽ ഓഡിറ്റ് നടത്താനുള്ള അധികാരം ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിന് ഉണ്ട്. ശരിയായ ടേൺഓവർ നികുതിദായകൻ കാണിച്ചിട്ടില്ല അല്ലെങ്കിൽ ആ നികുതിയതായകന്റെ കണക്കുകളിൽ പലതരത്തിലുള്ള സങ്കീർണതകളോ ദുരൂഹതകളോ ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് സംശയിക്കുന്നു, പല വസ്തുതകളും ബോധ്യമായിട്ടില്ല അല്ലെങ്കിൽ ക്രെഡിറ്റ് നോട്ടിലെ പല കാര്യങ്ങളും നിയമാനുസൃതമല്ല അങ്ങനെയുള്ള പ്രത്യേക സാഹചര്യത്തിൽ ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് അധികാരികൾക്ക് ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് പാനലിൽ ഉള്ള ചാർട്ടേർഡ് അക്കൗണ്ടന്റിനെ കൊണ്ടോ അല്ലെങ്കിൽ കോസ്റ്റ് അക്കൗണ്ടന്റിനെ കൊണ്ടോ നിർദിഷ്ട വിവരങ്ങൾ പരാമർശിച്ചുകൊണ്ട് ഓഡിറ്റ് ചെയ്യിക്കാൻ രേഖാമൂലം നിർദ്ദേശിക്കാവുന്നതാണ്. കമ്മീഷണർ നിശ്ചയിക്കുന്ന ഓഡിറ്റ് ഫീ ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ്, പ്രസ്തുത ഓഡിറ്റർക്ക് കൊടുക്കേണ്ടതാണ്.

ഓഡിറ്റിനെ സംബന്ധിച്ചിടത്തോളം സെക്ഷൻ 65 അനുസരിച്ച് ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് നടത്തുന്ന ഓഡിറ്റ് ആണ് ബിസിനസുകാരെ സംബന്ധിച്ചിടത്തോളം കൂടുതൽ ശ്രദ്ധിക്കേണ്ടത്.

ജി.എസ്.ടി. ഓഡിറ്റിൽ ഒരു ഓഡിറ്റ്ടീമിന് തന്റെ ഓഡിറ്റ് ചെയ്തു തീർക്കാൻ സമയപരിധി ഉള്ളതു കൊണ്ടും ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് ഓഡിറ്റ്ഗൈഡ് ലൈൻസ് ഉൾപ്പെടെയുള്ള രേഖകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിനാലും, നിയമത്തിൽ പറഞ്ഞിരിക്കുന്ന അതിർ വരമ്പുകൾക്കുള്ളിൽ നിന്ന് മാത്രമേ ഗസ്റ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് പൂർത്തീകരിക്കാൻ സാധിക്കൂ.

ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം ഓഡിറ്റിന് വിധേയമാക്കുന്ന സ്ഥാപനങ്ങളെ വളരെ മുൻകൂട്ടി തന്നെ ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് തെരഞ്ഞെടുക്കുകയും അവരുടെ മിക്കവാറും എല്ലാ വിവരങ്ങളും ശേഖരിക്കുകയും നികുതി ചോർച്ച ഉണ്ടെങ്കിൽ അത് ഏത് ഭാഗത്താണ് എന്നും നികുതി അടയ്ക്കാൻ ബാധ്യതയുള്ള സാധനങ്ങൾക്ക് നികുതി അടയ്ക്കാതിരുന്നിട്ടുണ്ടെങ്കിൽ അതിന്റെ വിവരവും അടച്ച നികുതിയിൽ കുറവുണ്ടെങ്കിൽ അതിന്റെ വിവരവും 'അധിക റീഫണ്ട്' വാങ്ങിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും ഒക്കെത്തന്നെ വിശദമായി പഠിച്ചതിനു ശേഷം ആയിരിക്കാം ഒരു നികുതി ദായകനെ ഓഡിറ്റിന് തെരഞ്ഞെടുക്കുന്നത്. ഓഡിറ്റിന് തെരഞ്ഞെടുത്ത് നോട്ടീസ് അയക്കുന്നതിനു മുൻപ് തന്നെ ഓഡിറ്റിന് വിധേയമാക്കുന്ന നികുതി ദായകന്റെ ഏതാണ്ട് എല്ലാതരത്തിലുള്ള വിവരങ്ങളും ജി.എസ്.ടി. പോർട്ടലിൽ നിന്നോ മറ്റു അന്വേഷണങ്ങളിലൂടെയോ ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് സ്വരൂപിച്ച് എടുത്ത് നല്ല മുന്നൊരുക്കത്തിൽ ആയിരിക്കും ഓഡിറ്റ് ടീം വരുന്നത്, അല്ലെങ്കിൽ രേഖകൾ ഓഡിറ്റ് ടീമിന്റെ ഓഫീസിൽ ഹാജരാക്കാൻ പറയുന്നത്.

ഇവിടെ ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ ഒന്ന് ഓഡിറ്റ് ടീമിന് ഓഡിറ്റിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട ആവശ്യമുള്ള രേഖകൾ ആവശ്യാനുസരണം നികുതിയദായകൻ കൊടുത്തില്ല എങ്കിൽ അത്തരം രേഖകൾ ഇല്ല എന്ന് കണക്കുകൂട്ടി നികുതിദായകന് വലിയ നികുതി ബാധ്യതകൾ വന്നേക്കാം. ജി.എസ്.ടി. റിട്ടേണുകൾ, ജി.എസ്.ടി. പോർട്ടലിന്റെ വിവരങ്ങളുമായി ബന്ധപ്പെട്ട മറ്റു രേഖകൾ, ഡേ ബുക്ക്, ലെഡ്ജർ, സ്റ്റോക്ക് രജിസ്റ്റർ, സെയിൽസ് ഇൻവോയിസ്, ഇൻവേർഡ് സപ്ലൈകളുടെ ഒറിജിനൽ ഇൻവോയ്സുകൾ, വൗച്ചേഴ്സ്, രസീതുകൾ, ക്രെഡിറ്റ് നോട്ടുകൾ,ഡെബിറ്റ് നോട്ടുകൾ, ഇൻപുട്ട് ക്രെഡിറ്റിന്റെ രജിസ്റ്റർ, ഔട്ട് വേർഡ് സപ്ലൈയുടെ രജിസ്റ്റർ, തുടങ്ങി ജി.എസ്.ടി. നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ വിവരങ്ങളും അത് സംബന്ധിച്ച രേഖകളും കൂടാതെ അക്കൗണ്ട്സ് മെയ്ന്റെയ്ൻ ചെയ്യുന്ന സോഫ്റ്റ് വേയറിന്റെ വിവരങ്ങളും, അക്കൗണ്ട്സിന്റെ വിവരങ്ങൾ, അക്കൗണ്ട് ഡാറ്റകൾ, ഇതെല്ലാം തന്നെ ജി.എസ്.ടി. ഓഡിറ്റ് ഓഫീസർമാർ ആവശ്യപ്പെട്ടാൽ അവയൊക്കെ കൊടുക്കാൻ നികുതിദായകന് ബാധ്യതയുണ്ട്. അതെല്ലാം ഒത്തു നോക്കി രേഖകളുടെ അടിസ്ഥാനത്തിൽ വേണം ഓഡിറ്റിന്റെ റിപ്പോർട്ട് ജി.എസ്.ടി. ഓഡിറ്റ് ടീമിന് പൂർത്തീകരിക്കാൻ.

**ഓഡിറ്റിന്റെ അനിവാര്യത:** ജി.എസ്.ടി. യിൽ പൊതുവേ പരിശോധനകൾ 'ഇൻഹൗസാണ്'. വ്യക്തമായ രേഖകളുടെയും അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമാണ് റെയ്ഡുകൾ നടക്കുന്നുണ്ട്. എന്നിരുന്നാലും ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിന്റെ പല പ്രവർത്തനങ്ങളും ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിന്റെ ഓഫീസുകൾക്കുള്ളിൽ ഓഫീസർമാരുടെ വിവിധ ഗ്രൂപ്പുകൾ വിശദമായി നടത്തി കൊണ്ടിരിക്കുന്നുണ്ട്. 'ആർട്ടിഫിഷൽ ഇന്റലിജൻസിന്റെ' (AI) സഹായമൊക്കെ ഉപയോഗിച്ച് സപ്ലയർമാരുടെയും, ഉൽപാദകരുടെയും, ഇറക്കുമതിക്കാരുടെയും, കയറ്റുമതിക്കാരുടെയും, ഡിസ്ട്രിബ്യൂട്ടർമാരുടെയും ഒക്കെ ഡാറ്റകൾ, മറ്റ് പല രീതിയിൽ കിട്ടുന്ന ഡാറ്റകൾ ഇതെല്ലാം ഉപയോഗിച്ച് ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിന്റെ ഉള്ളിൽ തന്നെ നല്ല രീതിയിൽ വിശകലനങ്ങൾ നടക്കുന്നുണ്ട്. വളരെ വ്യക്തമായ തെളിവുകളുള്ള വൻതോതിൽ നികുതി വെട്ടിപ്പ് നടക്കുന്ന കാര്യങ്ങളിലാണ് റെയ്ഡ് അല്ലെങ്കിൽ ബിസിനസ് സ്ഥലത്തുള്ള 'ഇൻസ്പെക്ഷൻ' കാര്യമായി നടക്കുന്നത്. വാഹന പരിശോധനയും മുൻകാലങ്ങളെ അപേക്ഷിച്ച് വളരെയേറെ കുറവാണ്. ഇതിനെയെല്ലാം ബഹുദൂരം മറികടക്കുന്ന രീതിയിലാണ് 'ജി.എസ്.ടി. ഓഡിറ്റ്' എന്ന കടമ്പ ബിസിനസുകാർ അതിജീവിക്കേണ്ടത്.

സാധാരണ നിലയിൽ ഓഡിറ്റിന് വിധേയമാക്കുന്ന രേഖകളെല്ലാം വളരെ വിശദമായി തന്നെ ഓഡിറ്റ്ടീം പരിശോധിക്കുകയും ആ രേഖകളുടെ സംക്ഷിപ്ത രൂപങ്ങൾ ഓഡിറ്റ് ടീം സൂക്ഷിക്കുകയും ഓഡിറ്റ് ടീമിന്റെ മേലധികാരികളെ അത് ആവശ്യമെങ്കിൽ ബോധ്യപ്പെടുത്തുകയും ചെയ്യാൻ സാധ്യതയുണ്ട്. നാളെകളിൽ ഏതെങ്കിലും ഒരു അധികാരി അല്ലെങ്കിൽ സെൻട്രൽ ഗവൺമെന്റിന്റെ കീഴിലുള്ള 'അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് ടീം' ഇവ പരിശോധിക്കപ്പെടുകയാണെങ്കിൽ ഓഡിറ്റ് ചെയ്ത ജി.എസ്.ടി. ഉദ്യോഗസ്ഥന് ബുദ്ധിമുട്ടുകൾ വരാതിരിക്കണമെങ്കിൽ എല്ലാ രേഖകളും ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ഓഡിറ്റ്ടീം മതിയായ രീതിയിൽ രേഖപ്പെടുത്തേണ്ടതുണ്ട്. ഇതെല്ലാംകൊണ്ട് തന്നെ ഓഡിറ്റ് ടീം വളരെ ജാഗ്രതയോടെയാണ് ഓഡിറ്റു നടത്തുന്നത്. ധാരാളം ഓഡിറ്റ് റിപ്പോർട്ടുകൾ ഈ ലേഖകന് കാണാൻ കഴിഞ്ഞു. നിർഭാഗ്യമെന്ന് പറയട്ടെ ജി.എസ്.ടി. നിയമമനുസരിച്ച് ഉള്ള എല്ലാ രേഖകളും ഹാജരാക്കി എന്നും യാതൊരുവിധ അധിക നികുതി ബാധ്യതയും ഇല്ല എന്നും സൂചിപ്പിച്ചുകൊണ്ടുള്ള ഒറ്റ ഓഡിറ്റ് റിപ്പോർട്ട് പോലും കേരള ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിൽ നിന്ന് ഈ ലേഖകന് കാണാൻ കഴിഞ്ഞില്ല. എന്നാൽ വൻതുകയ്ക്കുള്ള അഡീഷണൽ നിർദേശങ്ങൾ മിക്കവാറും എല്ലാ ഓഡിറ്റ് റിപ്പോർട്ടിലും ഉണ്ട് താനും.

വ്യക്തമായ രീതിയിൽ പ്രത്യേക അക്കൗണ്ടന്റിനെ വച്ച് കണക്കുകൾ മെയിന്റയിൻ ചെയ്യുന്ന വലിയ സ്ഥാപനങ്ങൾക്ക് പോലും ജി.എസ്.ടി. ഓഡിറ്റ് ടീമിൽ നിന്ന് അഡീഷണൽ നികുതി നിർദേശങ്ങൾ കിട്ടാതിരുന്നിട്ടില്ല. അതുകൊണ്ടൊക്കെത്തന്നെ 'സെക്ഷൻ 65' എന്ന ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിന്റെ ഓഡിറ്റിനെ ഗൗരവത്തോടേയും ജാഗ്രതയോടെയും ബിസിനസുകാർ കണ്ടേ മതിയാകൂ.

## അടിക്കുറിപ്പ്

ജി.എസ്.ടി. എന്നാൽ കോംപ്ലയിന്റ്സിന്റെ (അനുസരണം) നിയമവും കണക്കെഴുത്തിന്റെ നിയമവും റിക്കാർഡുകളുടെ ശരിയായ സൂക്ഷിപ്പുമാണ് എന്ന് കൃത്യമായി മനസ്സിലാക്കാൻ ഇനിയെങ്കിലും വൈകരുതേ.

**ബിസിനസുകാർ എന്തുചെയ്യണം:** ജിഎസ്ടിയുടെ ഒമ്പതാം വർഷത്തിൽ എങ്കിലും ബിസിനസുകാർ ജി.എസ്.ടി. യുടെ രേഖകൾ സൂക്ഷിക്കൽ കൃത്യമായി മനസ്സിലാക്കിയില്ലെങ്കിൽ ജിഎസ്ടിയുടെ ഡിപ്പാർട്ട്മെന്റ് നൽകുന്ന ഓഡിറ്റ് റിപ്പോർട്ട് ഒരു കുറ്റപത്രം ആയി മാറിയാൽ അതിന് ഉത്തരവാദി മറ്റാരുമല്ല സ്വന്തം വീഴ്ചകളാണ് എന്ന തിരിച്ചറിവ് ഉണ്ടാകട്ടെ.■

**അസോസിയേഷന്റെ ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ ആണ് ലേഖകൻ**
✆ 98462 27555, 79024 43188, 79070 00401

# ഇന്ത്യ ഹൊറേക എക്സ്പോ 2025

## സന്ദർശക പ്രശംസ ഏറ്റുവാങ്ങി കേരളത്തിലെ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ



സൂരജ് എസ്.

ഇന്ത്യ ഹൊറേക എക്സ്പോ 2025 (ഫുഡ് ആൻഡ് ഡ്രിങ്ക് പ്രോസസിംഗ് എക്സ്പോ & ബേക്കേഴ്സ് ടെക്നോളജി ഫെയർ)ൽ ശ്രദ്ധേയ സാന്നിധ്യമായി കേരള സ്റ്റാളുകൾ. ഭക്ഷണ - പാനീയങ്ങൾ, ഡയറി ബേക്കറി, മിഠായി, മധുരപലഹാരങ്ങൾ, ലഘുഭക്ഷണങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകി കൊണ്ട് സംഘടിപ്പിച്ച ട്രേഡ് ഫെയർ 2025 ജൂൺ 2 മുതൽ 4 വരെ തമിഴ്നാട്, കോയമ്പത്തൂർ, കോഡിസിയ ട്രേഡ് ഫെയർ കോംപ്ലക്സിലാണ് സംഘടിപ്പിച്ചത്.


കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ (കെ ബിപ്പ്) നേതൃത്വത്തിൽ സംസ്ഥാനത്തെ ഭക്ഷ്യ സംസ്കരണ മേഖലയിലെ 20 യൂണിറ്റുകളാണ് ട്രേഡ് ഫെയറിൽ പങ്കെടുത്തത്. 3 ദിവസങ്ങളിലായി












**ഏകദേശം 25,000 ത്തിലധികം സന്ദർശകർ പങ്കെടുത്ത മേളയിൽ ഉൽപ്പന്ന വൈവിധ്യത കൊണ്ട് കേരള സ്റ്റാളുകൾ സന്ദർശക പ്രശംസ നേടിയിരുന്നു**




ഏകദേശം 25,000 ത്തിലധികം സന്ദർശകർ പങ്കെടുത്ത മേളയിൽ ഉൽപ്പന്ന വൈവിധ്യത കൊണ്ട് കേരള സ്റ്റാളുകൾ സന്ദർശക പ്രശംസ നേടിയിരുന്നു.

ഹോട്ടൽ, റെസ്റ്റോറന്റ്, കാറ്ററിംഗ്, ഭക്ഷ്യ സംസ്കരണ അനുബന്ധ മേഖലകളിലെ ഏറ്റവും പുതിയ ട്രെൻഡുകൾ, നൂതനാശയങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനും പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനുമുള്ള ഒരു മികച്ച പ്ലാറ്റ്ഫോം കേരളത്തിലെ സംരംഭകർക്ക് ഒരുക്കി നൽകുന്നതായിരുന്നു ഇന്ത്യ ഹൊറേക എക്സ്പോ 2025. ലോകമെമ്പാടുമുള്ള ഭക്ഷ്യ മേഖല വിദഗ്ധരെയും ഉത്പാദകരെയും വിതരണക്കാരെയും ഒരു കുടക്കീഴിൽ കൊണ്ട് വന്ന എക്സ്പോയിലൂടെ വിവിധ രാജ്യങ്ങളിലുള്ള സംരംഭകരുമായി ആശയ വിനിമയം നടത്തുന്നതിനും വാണിജ്യ ബന്ധങ്ങളിൽ ഏർപ്പെടുന്നതിനും എക്സ്പോ വഴിയൊരുക്കി. ഭക്ഷ്യ മേഖലയിലെ ഡിജിറ്റൽ സാങ്കേതികതയുടെ ഉപയോഗം, വർക്ക്ഷോപ്പുകൾ, തത്സമയ ഉത്പന്ന നിർമാണം, പാനൽ ചർച്ചകൾ എന്നിവയും എക്സ്പോയുടെ പ്രധാന ആകർഷണങ്ങൾ ആയിരുന്നു.






# വേൾഡ് ഓഫ് ഹോസ്പിറ്റാലിറ്റി എക്സ്പോയിൽ മിന്നിത്തിളങ്ങി കേരള ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ

ഫുഡ് & ബിവറെജസ് സർവീസ്, ഹോട്ടൽ, റെസ്റ്റോറന്റ് & കാറ്ററിംഗ് ഇൻഡസ്ട്രി തുടങ്ങി വിവിധ ഭക്ഷ്യ സംസ്കരണ മേഖലകളെ അണിനിരത്തി മുംബൈയിലെ ഇൻക്രെഡിബിൾ ഫെയേഴ്സ് & മീഡിയ പ്രൈവറ്റ് ലിമിറ്റഡ് സംഘടിപ്പിച്ച വേൾഡ് ഓഫ് ഹോസ്പിറ്റാലിറ്റി എക്സ്പോ (WOHXpo 2025) യിൽ ശക്തമായ സാന്നിധ്യമായി കേരള ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ 2025 ജൂൺ 12 മുതൽ 14 വരെ ബെംഗളൂരുവിലെ പാലസ് ഗ്രൗണ്ടിലെ ത്രിപുര വാസിനിയിൽ സംഘടിപ്പിച്ച എക്സ്പോ കേരളത്തിലെ സ്റ്റാളുകൾ സന്ദർശക പ്രശംസ ഏറ്റുവാങ്ങി

ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, ഹോട്ടലുടമകൾ, റെസ്റ്റോറൻറുകൾ, കാറ്ററർമാർ, ബേക്കർമാർ, കാകർ ഭക്ഷ്യ സേവന കമ്പനികൾ എന്നിവർക്ക് ഇന്ത്യയിലുട നീളമുള്ള ബയേഴ്സുമായി കൂടിക്കാഴ്ച നടത്താനും ബിസിനസ്സ് ഇടപാടുകൾ നടത്താനും മികച്ച അവസരമായിട്ടായിരുന്നു വേൾഡ് ഓഫ് ഹോസ്പിറ്റാലിറ്റി എക്സ്പോ (WOHXpo) 2025 സംഘടിപ്പിച്ചത്. വേൾഡ് ഓഫ് ഹോസ്പിറ്റാലിറ്റി എക്സ്പോ WOHXpol 2025-ൽ പ്രദർശിപ്പിക്കുന്നത് ഹോസ്പിറ്റാലിറ്റി കാറ്ററിം മേഖലയിലെ ഉടമകളുടെയും ഓപ്പറേറ്റർമാരുടെയും ലക്ഷ്യബോധമുള്ള പ്രേക്ഷകർക്ക് MSME-കളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള അവസരം നൽകുമെന്ന് സംഘാടകർ അറിയിച്ചു.

കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കെ ബിപ്പാണ് കേരളത്തിലെ ഭക്ഷ്യസംസ്കരണ യൂണിറ്റുകൾക്കായി എക്സ്പോയിൽ പങ്കെടുക്കുന്ന

**കേരളത്തിൽ നിന്നുള്ള 11 ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ എക്സ്പോയിൽ പങ്കെടുത്തു**



തിന് അവസരമൊരുക്കിയത് കേരളത്തിൽ നിന്നുള്ള 11 ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ എക്സ്പോയിൽ പങ്കെടുത്തു ലക്ഷ്യറി, ബോട്ടിക് ഇൻഡിപെൻഡന്റ് ഹോട്ടലുകൾ, റെസ്റ്റോന്റുകൾ, കാറ്ററർമാർ, കോർപ്പറേറ്റ് കാന്റീനുകൾ, ഇറക്കുമതിക്കാർ വിതരണക്കാർ മൊത്തക്കച്ചവടക്കാർ, ഡിലർമാർ, ഏജന്റുമാർ, കൺസൾട്ടന്റുകൾ, മോഡേൺ ട്രേഡ് കമ്പനികൾ എന്നിവ ഉൾപ്പെടെ സന്ദർശകരായെത്തിയ എക്സ്പോയിൽ കേരളത്തിലെ MSME-കളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കാൻ സാധിച്ചതിലൂടെ ബിസിനസ്സ് വിപുലീകരണത്തിനും വിപണിയിലെ ചലനങ്ങൾ മനസ്സിലാക്കുന്നതിനും സാധിച്ചു.■

**കെ-ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**

# സംരംഭകർ കെട്ടിടം നിർമ്മിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ



ടി.എസ്. ചന്ദ്രൻ

സംരംഭങ്ങൾ തുടങ്ങുന്നതിന് കെട്ടിടം നിർമ്മിക്കേണ്ടി വരുമ്പോൾ ഇക്കാര്യങ്ങൾ ശ്രദ്ധിച്ചാൽ പിന്നീട് ദുഖിക്കേണ്ടി വരില്ല.

### 1. തിരഞ്ഞെടുക്കുന്ന സ്ഥലം

സംരംഭത്തിനായി കണ്ടെത്തുന്ന സ്ഥലം പരിസ്ഥിതി ലോല പ്രദേശ നിയമം, തണ്ണീർത്തട പരിപാലന നിയമം, തീരദേശ പരിപാലന നിയമം, അതുപോലെ മറ്റു നിയന്ത്രണങ്ങൾ ഉള്ള സ്ഥലം എന്നിവ ആയിരിക്കരുത്. അത്തരം സ്ഥലങ്ങൾ എടുക്കേണ്ടി വന്നാൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള കൃത്യമായ അനുമതി നേടിയതിനു ശേഷം മാത്രമേ കെട്ടിട നിർമ്മാണത്തിനായി ശ്രമിക്കാവൂ.

### 2. സമാന സ്വഭാവമുള്ള സ്ഥാപനം കാണുക

സമാനസ്വഭാവമുള്ള സ്ഥാപനം കാണുമ്പോൾ ഏത് രീതിയിൽ കെട്ടിടം ഉണ്ടാക്കണം എന്നും, എത്ര ഉയരത്തിലും, വീതിയിലും കെട്ടിടം ഉണ്ടാകണമെന്നും ഉള്ള കൃത്യമായ ധാരണ ലഭിക്കും. മെഷിനറികൾക്കും അസംസ്കൃത വസ്തുക്കളും, ഉല്പന്നങ്ങളും സൂക്ഷിക്കുന്നതിനും മതിയായ സൗകര്യം സംബന്ധിച്ച് കൃത്യമായ ധാരണ കിട്ടും. മെഷീനറി വാങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തോട് ഈ കാര്യം ആവശ്യപ്പെട്ടാൽ എളുപ്പം നടക്കും.



### 3. പ്ലാൻ അംഗീകാരം

കെട്ടിടത്തിന്റെ പ്ലാൻ അംഗീകാരം നേടിയതിനു ശേഷം മാത്രമേ നിർമ്മാണത്തിലേക്ക് കടക്കാവൂ. 1500 M2 വരെയുള്ള കെട്ടിടങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള അനുമതി മതിയാകും. അതിനുമുകളിൽ വരുന്ന സ്ഥാപനങ്ങൾക്ക് ടൗൺ പ്ലാനിങ്ങിൽ നിന്നും അനുമതി വാങ്ങേണ്ടതായുണ്ട്. അപകടകരമായ സംരംഭങ്ങൾ എന്തുതന്നെയായിരുന്നാലും പരിധിയില്ലാതെ ടൗൺ പ്ലാനറുടെ അംഗീകാരം വാങ്ങിയിരിക്കണം.

### 4. സ്ഥാപന അനുമതി

മലിനീകരണ നിയന്ത്രണ ബോർഡിന്റെ സ്ഥാപന അനുമതി (CONSENT TO ESTABLISH) വാങ്ങുക എന്നുള്ളതാണ് കെട്ടിടം നിർമ്മിക്കുന്നതിനു മുൻപ് സംരംഭകർ സ്വീകരിക്കേണ്ട സുപ്രധാനമായ നടപടി. ഇതിന് കെട്ടിടത്തിന്റെ സൈറ്റ് പ്ലാൻ നൽകി അംഗീകാരം നേടണം. അതിനുശേഷം മാത്രമേ കെട്ടിട നിർമ്മാണത്തിലേക്ക് കടക്കാവൂ.

### 5. അപ്രോച്ച് റോഡ്

സ്ഥലം തിരഞ്ഞെടുക്കുമ്പോൾ തന്നെ ഈ കാര്യങ്ങൾ കൂടി ശ്രദ്ധിക്കണം. 300 M2 വരെയുള്ള കെട്ടിടങ്ങൾക്ക് മൂന്നു മീറ്ററും, 300 700 M2 കെട്ടിടങ്ങൾക്ക് 3.60 മീറ്ററും, 700 M2 ൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് ആറ് മീറ്ററും വീതി ഉണ്ടായിരിക്കണം. അപകടകരമായ (Hazardous) സ്ഥാപനമാണ് എങ്കിൽ അവയ്ക്ക് ഏഴു മീറ്റർ വീതി വേണം.

### 6. തൊഴിലാളികൾക്ക് മതിയായ സ്ഥലം

കെട്ടിടത്തിനകത്ത് ഒരു തൊഴിലാളിക്ക് മൂന്ന് മുതൽ നാലു മീറ്റർ വരെ സ്ഥലം നീക്കിവച്ചിട്ട് വേണം പ്ലാൻ തയ്യാറാക്കി അംഗീകാരം വാങ്ങി കെട്ടിടം നിർമ്മാണത്തിലേക്ക് കടക്കാൻ.

### 7. അഗ്നിരക്ഷാസേന അനുമതി

പരിഷ്കരിച്ച കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് 1000 M2 വരെയുള്ള സാധാരണ കെട്ടിടങ്ങൾക്ക് സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് നൽകിയാൽ മതിയാകും. അതിന് ഫയർ ആന്റ് റെസ്ക്യൂവിന്റെ പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ അതിന് മുകളിൽ വരുന്ന കെട്ടിടങ്ങൾക്കും അതുപോലെ അപകടകരമായ വിഭാഗത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾക്കും ഫയർ ആൻഡ് റെസ്ക്യൂവിന്റെ അനുമതി നിർബന്ധമാണ്.

### 8. അംഗീകരിച്ച പ്ലാൻ അനുസരിച്ചു മാത്രം നിർമ്മാണം

സംരംഭകർ ശ്രദ്ധിക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ഇത്. നിരവധി സംരംഭകർ ഇതുമൂലം പ്രശ്നത്തിൽ ആയിട്ടുണ്ട്. അംഗീകരിച്ച പ്ലാൻ അനുസരിച്ചു മാത്രമേ കെട്ടിട നിർമ്മാണം നടത്താവൂ. അതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള നമ്പർ നേടുകയും വേണം. അതിനുശേഷം അംഗീകാരത്തോടു കൂടി കെട്ടിടത്തിന്റെ പ്ലാനിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാണ് നല്ലത്.

### 9. പ്രവർത്തന അനുമതി

മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തന അനുമതി (CONSENT TO OPERATE) ആണ് കെട്ടിട നിർമ്മാണശേഷം സംരംഭകർ സമ്പാദിച്ചിരിക്കേണ്ട പ്രധാനപ്പെട്ട അനുമതി. അതിനുശേഷം മാത്രമേ ഉല്പാദന പ്രക്രിയയിലേക്ക് കടക്കാൻ പാടുള്ളൂ.

### 10. കെട്ടിടത്തിനുള്ള വായ്പ

കെട്ടിടം നിർമ്മിക്കുന്നതിന് വായ്പയ്ക്കായി ശ്രമിക്കുന്ന ധാരാളം സംരംഭകർ ഉണ്ട്. സ്വന്തം സ്ഥലമോ രജിസ്ട്രേഡ് ലീസ് എഗ്രിമെന്റ് പ്രകാരം ഉള്ള സ്ഥലമോ ആണെങ്കിൽ മാത്രമേ കെട്ടിട നിർമ്മാണത്തിന് സാധാരണഗതിയിൽ ധനകാര്യ സ്ഥാപനങ്ങൾ വായ്പ അനുവദിക്കുകയുള്ളൂ. കൃത്യസമയത്ത് കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ കഴിയും എന്ന് ഉറപ്പുള്ള സാഹചര്യത്തിൽ മാത്രമേ കെട്ടിട നിർമ്മാണത്തിന് വായ്പ എടുക്കാവൂ.

ഇത്തരം കാര്യങ്ങൾ ശ്രദ്ധിച്ചു കൊണ്ട് കെട്ടിടം നിർമ്മിച്ച് അതിൽ സംരംഭം തുടങ്ങുകയാണ് എങ്കിൽ പിന്നീട് വരുന്ന നിയമപരമായ പ്രശ്നങ്ങളെ നേരിടുവാനും സംരംഭകന് അവരുടെ നിക്ഷേപത്തിന് സമ്പൂർണ്ണമായ പരിരക്ഷ ഉറപ്പാക്കുവാനും കഴിയും.

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**



KSSiA NEWS

KSSIA NEWS
(Vyavasayam)
Monthly Magazine
Advt. Tariff

| | | |
|---|---|---|
| Front Page Bottom (Colour) | - | 12,000 + G S T |
| Full Back page (Colour) | - | 15,000 + G S T |
| Full Back page inside (Colour) | - | 10,000 + G S T |
| Full Front Page inside (Colour) | - | 10,000 + G S T |
| Full page inside (Colour) | - | 9,000 + G S T |
| Half page inside (Colour) | - | 5,000 + G S T |
| Quarter page inside (Colour) | - | 3,000 + G S T |

Journal Size Demy 1/4
Number of pages – 24
**Discount**
For 12 months insertion 15%
For 6 months insertion 10%

### സംരംഭക കേരളത്തിന്റെ അഭിമാനപഥം

# സംസ്ഥാനത്തെ എം.എസ്.എം.ഇ. മേഖല കുതിക്കുന്നു



മിർ മുഹമ്മദ് അലി ഐ.എ.എസ്.

കേരളത്തിലെ മൈക്രോ, സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് (എം.എസ്.എം.ഇ.) മേഖല സംസ്ഥാനത്തിന്റെ സാമ്പത്തിക മുന്നേറ്റത്തിൽ വൻ മാറ്റങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. നാടിന്റെ വളർച്ചയുടെയും തൊഴിൽ സൃഷ്ടിയുടെയും ശക്തമായ കേന്ദ്രമായി ഈ രംഗം മാറി. എം.എസ്.എം.ഇ. മേഖലയെക്കുറിച്ചുള്ള അവബോധവും സംരംഭങ്ങൾ തുടങ്ങാനുള്ള ആത്മവിശ്വാസവും ജനങ്ങളിലെത്തിക്കാൻ സംസ്ഥാന സർക്കാർ വിവിധ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. അന്താരാഷ്ട്ര എം.എസ്.എം.ഇ. ദിനമായ ജൂൺ 21ന് സംസ്ഥാന വ്യാപകമായി വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. രാജ്യത്തെ വ്യവസായ രംഗത്ത് ഇത്ര കേരളത്തിന്റെ പ്രാധാന്യം സംബന്ധിച്ച് പുതുതലമുറയ്ക്ക് അവബോധമുണ്ടാകുന്നതിനും വിദ്യാർത്ഥികൾക്കിടയിലും യുവാക്കളിലും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്കൂളുകളിലും കോളേജുകളിലും ക്വിസ് മത്സരങ്ങളും ബോധവത്കരണ സെമിനാറുകളും സംവാദങ്ങളും സംഘടിപ്പിച്ചു. ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ സംരംഭക കൂട്ടായ്മകളും ഒരുക്കി.

ഉന്നത വിദ്യാഭ്യാസ മേഖലയിലുണ്ടായ കുതിച്ചുചാട്ടവും പ്രഗത്ഭമായ മനുഷ്യ വിഭവശേഷിയും ചേർന്ന്, സംരംഭകത്വത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിയ്ക്കാനും സംസ്ഥാനത്തിന്റെ പുരോഗതിയിൽ വലിയ മാറ്റങ്ങൾ കൈവരിക്കാനും സാധിച്ചിട്ടുണ്ട്. ഇത്തരം മുന്നേറ്റങ്ങളെ അടിസ്ഥാനമാക്കി സർക്കാർ ആരംഭിച്ച വിവിധ പദ്ധതികളും നയങ്ങളും ഈ മേഖലയുടെ സുസ്ഥിര വളർച്ചയ്ക്ക് കളമൊരുക്കി. പുതുതായി വന്ന കണക്കുകൾ പ്രകാരം കേരളത്തിലെ എം.എസ്.എം.ഇ. മേഖലയിലെ നിക്ഷേപം, വ്യാപ്തി, പുരോഗതി എന്നിവയിൽ വൻ വളർച്ചയാണ് കാണാൻ സാധിക്കുന്നത്. വിദേശ നിക്ഷേപത്തിൽ 100% വളർച്ചയും, കേന്ദ്ര സർക്കാരിന്റെ 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' റാങ്കിംഗിൽ 30 മേഖലകളിൽ 9 എണ്ണത്തിൽ മികവ് തെളിയിച്ച് 'ടോപ്പ് അച്ചീവർ' പദവി കരസ്ഥമാക്കുകയും ചെയ്തു. സംരംഭക രംഗത്ത് സംസ്ഥാനത്തിന്റെ കരുത്ത് തെളിയിക്കുന്ന ചരിത്ര നേട്ടമാണിത്. സംസ്ഥാന സർക്കാർ നടത്തിയ കാര്യക്ഷമമായ പരിഷ്കാരങ്ങളാണ് കേരളത്തെ 'ടോപ്പ് അച്ചീവർ' പദവിയിലെത്തിച്ചത്.

ഇത്തരം വളർച്ചാ പ്രവണതയുടെ പ്രധാന അടിസ്ഥാനത്തിൽ, ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ സംസ്ഥാനത്തിന്റെ എം.എസ്.എം.ഇ. വായ്പകളുടെ ആകെ മൂല്യം ഒരു ലക്ഷം കോടി കടക്കും എന്ന് പ്രതീക്ഷിക്കുന്നു. 2024 ഡിസംബർ 31വരെ, എം.എസ്.എം.ഇ. മേഖലയിലേക്കുള്ള ആകെ വായ്പകൾ തൊണ്ണൂറ്റിരണ്ടായിരത്തിലധികം കോടി രൂപയായി, കഴിഞ്ഞ വർഷത്തേക്കാൾ 38 ശതമാനത്തിന്റെ വളർച്ചയാണിത്. നാല് വർഷം മുമ്പ് 75,000 യൂണിറ്റുകൾ മാത്രമുണ്ടായിരുന്ന മേഖലയിൽ ഇന്ന് അതിന്റെ എണ്ണം 15 ലക്ഷം ആയി ഉയർന്നു. ഇതിൽ 3.5 ലക്ഷം യൂണിറ്റുകൾ പുതുതായി രൂപീകരിച്ചവയും, 31 ശതമാനം വനിതകൾ നടത്തുന്നതു

മാണ്. വനിതാ സംരംഭകരുടെ പങ്കാളിത്തം വളരുന്നുവെന്നത് ഉയർന്ന സാമ്പത്തിക മുന്നേറ്റത്തിന്റെ സൂചനയാണ്. സംസ്ഥാനത്തെ ഏകദേശം മൂന്നിലൊന്ന് യൂണിറ്റുകളും സ്ത്രീകളാണ് നയിക്കുന്നത്. കേരളത്തിന്റെ സ്ത്രീ ശാക്തീകരണത്തിന്റെ മികച്ച ഉദാഹരണമായി ഇതിനെ കണക്കാക്കാം. സംസ്ഥാനം ഇതുവരെ ഈ മേഖലയിലൂടെ 23,000 കോടി രൂപ നിക്ഷേപം ആകർഷിച്ചതായും കണക്കുകൾ സൂചിപ്പിക്കുന്നു.

സംസ്ഥാന സർക്കാർ വ്യവസായ വാണിജ്യ വകുപ്പ് മുഖേന എം.എസ്.എം.ഇ. മേഖലയെ പിന്തുണയ്ക്കുന്ന വൈവിധ്യമാർന്ന നയങ്ങളും പദ്ധതികളും നടപ്പിലാക്കുകയാണ്. 2022-23 ൽ ആരംഭിച്ച 'സംരംഭകവർഷം' (ഇയർ ഓഫ് എന്റർപ്രൈസസ്) എന്ന പദ്ധതിയുടെ ഭാഗമായി 2023-24 ൽ ഒരുലക്ഷത്തിലധികം പുതിയ യൂണിറ്റുകളുടെ രൂപീകരിച്ചു. നിക്ഷേപം ആകർഷിക്കുക മാത്രമല്ല രണ്ടു ലക്ഷത്തിലധികം പേർക്ക് തൊഴിൽ നൽകാനും ഈ മേഖലക്ക് സാധിച്ചു. മനുഷ്യവിഭവശേഷിയെ അടിസ്ഥാനമാക്കി വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ വളർത്തനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. മെയ്ഡ് ഇൻ കേരള എന്ന പദ്ധതിക്കു കീഴിൽ 'നന്മ' ബ്രാൻഡ് രൂപവൽക്കരിക്കുകയും കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങൾ ആഭ്യന്തര, ആഗോള വിപണിയിൽ എത്തിക്കുകയും ചെയ്തു.

പുതിയ ഇൻഡസ്ട്രിയൽ പോളിസി, മേഖലയുടെ പരാജയ നിരക്ക് കുറയ്ക്കുകയും ഒപ്പം സംരംഭകത്വത്തിന് സൗഹൃദമായ സാഹചര്യം ഒരുക്കുകയും ചെയ്യുന്നു.

നാനോ സംരംഭങ്ങളെ ഒരു ലക്ഷം കോടി രൂപ ടേൺഓവർ ലക്ഷ്യമായി 'മിഷൻ 1000' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വീടുകളിൽനിന്നുള്ള ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കാൻ 'കെ സ്റ്റോർ, കെ ഷോപ്പ്' എന്നീ പദ്ധതികൾ ആരംഭിച്ചു. നാനോ യൂണിറ്റുകൾക്ക് നൽകുന്ന സബ്സിഡികളും മാർജിൻ മണി പദ്ധതിയും വേഗത്തിൽ യൂണിറ്റുകൾ തുടങ്ങാൻ സഹായിക്കുന്നു. മികച്ച അടിസ്ഥാന സൗകര്യം സൃഷ്ടിക്കാൻ സ്വകാര്യ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതിയും വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്താൻ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയും സംസ്ഥാനത്തിന്റെ വ്യാവസായിക അന്തരീക്ഷത്തെ ഊർജ്ജസ്വലമാക്കുന്നുണ്ട്,

'എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ ആക്ട്', പത്തുകോടി വരെ നിക്ഷേപം നടത്തുന്ന സംരംഭങ്ങൾക്ക് താമസമില്ലാതെ ലൈസൻസ് നൽകാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത് നടപടിക്രമങ്ങൾ വേഗത്തിലാക്കുകയും സംരംഭക യൂണിറ്റുകൾക്ക് പ്രവർത്തനമാരംഭിക്കാനുള്ള കാലതാമസം കുറക്കാനും ഉദ്യോഗസ്ഥ മേഖലയിൽ നിന്നുള്ള തടസങ്ങൾ ലഘൂകരിക്കാനും കാരണമായി. സംസ്ഥാന സർക്കാരിന്റെ ഇത്തരം നടപടികളിലൂടെ സംരംഭകർ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ വലിയ തോതിൽ തരണംചെയ്യാൻ സഹായിച്ചു. സംസ്ഥാനത്തെ എം.എസ്.എം.ഇ. മേഖലയിൽ 50% പ്രീമിയം റീഇംബേഴ്സ് ചെയ്യുന്ന ഇൻഷുറൻസ് പദ്ധതി നിലവിലുണ്ട്. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെഎഫ്സി), കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) എന്നീ സ്ഥാപനങ്ങൾ സംരംഭകർക്കായി വ്യത്യസ്ഥ തലത്തിലുള്ള വായ്പാ പദ്ധതികൾ ഒരുക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയായ സിഎംഇഡിപി വായ്പ, പലിശ നിരക്കിൽ വലിയ ആശ്വാസം സംരംഭകർക്ക് നൽകുന്നു. കൂടാതെ സാമ്പത്തികമായി പ്ര

Scan for the initiative of Industries Department in the previous two years.





തിസന്ധിയിലായ യൂണിറ്റുകൾക്ക് വേണ്ടി തിരിച്ചുവരവിനും പുനരുജ്ജീവനത്തിനുമായി പ്രത്യേക കർമ്മ പദ്ധതികളും നടപ്പിലാക്കി. എങ്കിലും, ഇത്തരം വളർച്ചയുടെ പശ്ചാത്തലത്തിലും, കൃത്യമായ വ്യവസായ വളർച്ചയെ അടിസ്ഥാനമാക്കി കൂടുതൽ സംരംഭങ്ങൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്.

റീട്ടെയിൽ സേവന മേഖലകളിലേക്കുള്ള വളർച്ചയാണ് കൂടുതലായി ശ്രദ്ധ കൊടുക്കേണ്ടത്. കൂടാതെ, വലിയ കമ്പനികളും ഇകൊമേഴ്സ് ഭീമന്മാരുമുള്ള മത്സരത്തിൽ ചെറിയ വ്യാപാരികൾക്ക് നിലനിൽപ്പ് ഉറപ്പുവരുത്താൻ നൂതന ആശയങ്ങൾ രൂപീകരിക്കേണ്ടത് ആവശ്യമാണ്. ഈ ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ മെയ്ക്ക് ഇൻ കേരള എന്ന പദ്ധതിക്കു കീഴിൽ 'നന്മ' ബ്രാൻഡ് രൂപവൽക്കരിക്കുകയും കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങൾ ആഭ്യന്തര, ആഗോള വിപണിയിൽ എത്തിക്കുകയും ചെയ്തു.

സർക്കാർ പദ്ധതികളെക്കുറിച്ചുള്ള കൂടുതൽ അവബോധം സംരംഭകർക്കിടയിൽ സൃഷ്ടിക്കേണ്ടതുണ്ട്. തൊഴിലാളികളെ പുതിയ വ്യവസായ ആവശ്യകതകളനുസരിച്ച് വൈദഗ്ധ്യം വർധിപ്പിച്ച് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ സജ്ജമാക്കുകയും വേണം. കോവിഡ് മഹാമാരി കാലഘട്ടം ഈ മേഖലയുടെ അപ്രതിരോതിതമായ ശേഷിയെയാണ് തെളിയിച്ചത്. ഭാവിയിൽ ഇത്തരം പ്രതിസന്ധികൾ വരുമ്പോൾ മറികടക്കാനായി കുറ്റമറ്റ സപ്ലൈ ചെയിൻ സംവിധാനങ്ങൾ നിർമിക്കേണ്ടതിന്റെ ആവശ്യകതയും ആ കാലഘട്ടം നമ്മെ ഓർമിപ്പിക്കുന്നു.

കേരളത്തിലെ എം.എസ്.എം.ഇ. മേഖല പ്രതീക്ഷാഭരിതമായ വളർച്ചയുടെ പാതയിലാണ്. സർക്കാരിന്റെ സമഗ്രമായ എം.എസ്.എം.ഇ. വികസന നയങ്ങളും സാമ്പത്തിക പിന്തുണയും ദീർഘവീക്ഷണമുള്ള സംരംഭകരും ചേർന്ന് സംസ്ഥാനത്തെ ഭാരതത്തിലെ മുൻനിര സംരംഭക കേന്ദ്രമാക്കി മാറ്റുകയാണ്. സമഗ്രമായ കർമ്മപദ്ധതികളും നവീകരണ സമീപനവുമാണ് ഈ വളർച്ച സാക്ഷാത്കരിക്കാൻ കേരളത്തെ പ്രാപ്തമാക്കിയത്. സംരംഭകത്വം, കേവലം തൊഴിൽ ഒരുക്കുന്ന പ്രവർത്തനം മാത്രമല്ല, മറിച്ച് സമൂഹത്തെ മാറ്റിമറിക്കുന്ന മുന്നേറ്റമാണെന്ന തിരിച്ചറിവ് ഈ മേഖലയുടെ വളർച്ച വ്യക്തമാക്കുന്നു. മാനവ വിഭവ ശേഷിയെയും നവ സാങ്കേതിക വിദ്യയേയും സംയോജിപ്പിച്ചുകൊണ്ട്, സംസ്ഥാനം തനത് ബ്രാൻഡുകളും നൂതന പദ്ധതികളുമായി രാജ്യത്തെയും ലോകത്തെയും വിപണികളെ സമീപിക്കാൻ തയ്യാറാവുകയാണ്. മുന്നിലുള്ള വെല്ലുവിളികളെ മറികടന്ന് സംസ്ഥാനത്തിന്റെ എം.എസ്.എം.ഇ. മേഖലയെ ആഗോളതലത്തിൽ നിലനിർത്തുക എന്ന ലക്ഷ്യമാണ് സംസ്ഥാന സർക്കാരിന് മുന്നിലുള്ളത്. ആവശ്യമായ എല്ലാ സാദ്ധ്യതകളും നൂതന ആശയങ്ങളും ഒരുക്കി കൂടുതൽ നേട്ടങ്ങൾ കൈവരിക്കുമെന്ന ആത്മവിശ്വാസത്തോടെ സംസ്ഥാന സർക്കാർ മുന്നേറുകയാണ്.

*കെ.എസ്.ഐ.ഡി.സി. മാനേജിങ് ഡയറക്ടർ ആണ് ലേഖകൻ*

## വ്യവസായിക വാർത്തകൾ

### കംപ്ലയൻസ് റിഡക്ഷൻ ആൻഡ് ഡീറെഗുലേഷൻ സംരംഭം

ബിസിനസ് സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ, ഇന്ത്യാ ഗവൺമെന്റിന്റെ കാബിനറ്റ് സെക്രട്ടേറിയറ്റ് ആരംഭിച്ച കംപ്ലയൻസ് റിഡക്ഷൻ ആൻഡ് ഡീറെഗുലേഷൻ സംരംഭം കേരള ഗവൺമെന്റ് സജീവമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, കാബിനറ്റ് സെക്രട്ടേറിയറ്റ് സെക്രട്ടറി (കോഓർഡിനേഷൻ), കേരളത്തിനു വേണ്ടിയുള്ള ടാസ്ക് ഫോഴ്സ് അംഗം മനോജ് ഗോവിൽ ഐ.എ.എസ്., (കേന്ദ്ര സർക്കാരിന്റെ ഒരു പ്രതിനിധി) മായി, 2025 ജൂലൈ 4 തിരുവനന്തപുരത്തെ തൈക്കാട് ഹയാത്ത് റീജൻസിയിലുള്ള ദി ഗ്രേറ്റ് ഹാളിൽ നടന്ന മീറ്റിങ്ങിൽ സംസ്ഥാന പ്രസിഡന്റ് എ നിസാറുദ്ദീൻ, സൗത്ത് സോൺ സംസ്ഥാന വൈസ് പ്രസിഡന്റ് എ. ഫസിലുദ്ദീൻ, എറണാകുളം ജില്ലാ സെക്രട്ടറി എൻ.എ. അനിസ്, എന്നിവർ പങ്കെടുത്തു.





### തിരുവനന്തപുരത്ത് വെച്ച് നടന്ന ഇ.പി.എഫ്.ഒ. റീജിയണൽ കമ്മിറ്റി മീറ്റിങ്ങ്

തിരുവനന്തപുരത്ത് വെച്ച് നടന്ന ഇ.പി.എഫ്.ഒ. റീജിയണൽ കമ്മിറ്റി മീറ്റിങ്ങിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ പങ്കെടുക്കുന്നു.



# എം.എസ്.എം.ഇ. ദിനം




അന്താരാഷ്ട്ര എം.എസ്.എം.ഇ. ദിനത്തിൽ തിരുവനന്തപുരം റസിഡൻസി ടവറിൽ നടന്ന യോഗത്തിൽ ബഹുമാനപ്പെട്ട വ്യവസായ നിയമ കയർ വകുപ്പു മന്ത്രി പി. രാജീവ് തൃശ്ശൂരിലെ കെ.പി. നമ്പൂതിരിസ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ കെ.ഭവദാസനെ ആദരിക്കുന്നു.




ദേശീയ MSME ദിനാചരണത്തിന്റെ ഭാഗമായി കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സ്നേഹാദരവ് ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദീനെ ബഹു. ജില്ലാ കളക്ടർ എൻ. ദേവീദാസ് മൊമെന്റോ നൽകി ആദരിക്കുന്നു.



അന്താരാഷ്ട്ര എം.എസ്.എം.ഇ. ദിനത്തിൽ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കെ.എസ്.എസ്.ഐ.എ. സംസ്ഥാന ഓഫീസ് ഹാളിൽ സംഘടിപ്പിച്ച യോഗത്തിൽ പ്രമുഖ വ്യവസായിയും മുൻ സംസ്ഥാന ജനറൽ സെക്രട്ടറിയും ആയിരുന്ന എം.എ. മൂസയെ (KEMI GROUP) ആദരിക്കുക യുണ്ടായി. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എ. നജീബ് അധ്യക്ഷത വഹിച്ച പ്രസ്തുത ചടങ്ങിൽ സെൻട്രൽ സോൺ വൈസ് പ്രസിഡന്റ് പി.ജെ. ജോസ്, എറണാകുളം ജില്ലാ പ്രസിഡന്റ് ടോം തോമസ് എന്നിവർ പങ്കെടുത്ത് ആശംസകൾ നേർന്നു.




കെ.എസ്.എസ്.ഐ.എ., മെട്രോ മീഡിയ കെ.എസ്ഐ.ഡി.സി. എന്നിവർ സംയുക്തമായി തിരുവനന്തപുരത്ത് വച്ച് നടത്തിയ അന്താരാഷ്ട്ര എം.എസ്.എം.ഇ. കോൺക്ലേവ് സംസ്ഥാന പ്രസിഡന്റ് എ. നിസ്സാറുദ്ദീൻ ഉദ്ഘാടനം ചെയ്തു. ബഹു. ഹയർ എഡ്യൂക്കേഷൻ ആൻഡ് സോഷ്യൽ ജസ്റ്റിസ് മന്ത്രി ഡോക്ടർ ആർ ബിന്ദു ഉദ്ഘാടനം ചെയ്ത അവാർഡ് ദാന ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന ട്രഷറർ ബി. ജയകൃഷ്ണൻ ആശംസകൾ നേർന്നു.




# മലബാറിലെ വ്യവസായ വികസനം

# REINVENT MALABAR



ഇസ്ഹാക് കളത്തിങ്കൽ

അവസരങ്ങളുടെ അനന്ത സാഗരമാണ് വ്യവസായരംഗം. കേരളത്തിലെ വ്യവസായ വികസന ചരിത്രം പരിശോധിച്ചാൽ തെക്കും വടക്കും തമ്മിൽ അല്ലെങ്കിൽ തിരുവിതാംകൂറും മലബാറും തമ്മിൽ വലിയ അന്തരമുണ്ട് എന്നത് വാസ്തവമാണ്. അതിന് ഒരു പക്ഷെ ചരിത്രപരമായ കാരണങ്ങളുണ്ടായിരിക്കാം. സംസ്ഥാനത്ത് വ്യവസായ അന്തരീക്ഷം ആകെ മാറി വരികയാണ്. പുതിയ വ്യവസായ നയം വഴിയും ആഗോള നിക്ഷേപകരുടെ സാന്നിദ്ധ്യവും ഗവർമെണ്ടിന്റെ ഉദാരമായ സമീപനവും നമ്മുടെ വ്യവസായ മേഖല ഒരു പരിവർത്തനഘട്ടത്തിലാണെന്ന് കരുതാം. റീഇൻവെന്റ് കോഴിക്കോട് എന്ന പേരിൽ രണ്ട് വർഷം മുമ്പ് വ്യവസായ നവീകരണത്തിന് കാതോർക്കുന്ന ഒരു കോഴിക്കോടിനെക്കുറിച്ച് കെ.എസ്.എസ്.ഐ.എ. കോഴിക്കോട് ജില്ലാ കമ്മറ്റി ഒരു സെമിനാർ നടത്തിയിരുന്നു.

വളരെ പ്രയോജനപ്രദമായ ചർച്ചകളും വിശകലനങ്ങളും ഉണ്ടായി അതിന് ഒരു തുടർച്ച വേണമെന്ന് വിവിധ സെക്ടറുകളിൽ നിന്ന് ആവശ്യമുയർന്നിരുന്നു. ഇതിന്റെ വെളിച്ചത്തിൽ വിശദമായ ചർച്ച നടത്തുകയും കോഴിക്കോടിന്റെ മാത്രമല്ല മലബാറിന്റെ പൊതുവായ വ്യവസായ വികസനം ലക്ഷ്യമാക്കിയുള്ളതും തുടർച്ചയായ കാമ്പയിനാണ് ആവശ്യമെന്ന് അഭിപ്രായത്തിലെത്തുകയുണ്ടായി. അതിന്റെ കാരണങ്ങളിൽ പ്രധാനം സംസ്ഥാന സർക്കാറിന്റെ വ്യവസായ സംരംഭക വർഷ പദ്ധതിയിൽ മലബാറിൽ നിന്നുണ്ടായ സംരംഭകരുടെ കുത്തൊഴുക്കാണ് കോഴിക്കോട് ജില്ലയിൽ മാത്രം 32000 ത്തോളം പുതിയ സംരംഭകർ രജിസ്റ്റർ ചെയ്തു എന്നാണ് കണക്കുകൾ. മലബാറിൽ ആകെ വലിയ പ്രതീക്ഷകൾ നൽകുന്ന തുടക്കമാണിത്.

തുറമുഖം, രണ്ട് അന്താരാഷ്ട്ര എയർപോർട്ടുകൾ റോഡ്, റെയിൽ, കണക്ടിവിറ്റി, എൻ.ഐ.ടി., ഐ.ഐ.എം. തുടങ്ങി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം ജി.സി.സി. രാജ്യങ്ങളിൽ നിന്നുള്ള എൻ.ആർ.ഐ. നിക്ഷേപത്തിനുള്ള വലിയ സാദ്ധ്യതകൾ മികച്ച ഐ.ടി. പാർക്കുകൾ പരമ്പരാഗതമായി നിലവിലുള്ള കൈത്തറി, ഓട്, മര വ്യവസായങ്ങൾ കഴിഞ്ഞ ദശകങ്ങളിൽ ശക്തി പ്രാപിച്ച പാദരക്ഷാ വ്യവസായങ്ങൾ, ടൂറിസം, മത്സ്യബന്ധനവുമായി ബന്ധപ്പെട്ട സംരംഭങ്ങൾ, നാളികേരം, സുഗന്ധവിളകൾ ആഗ്രോ ആന്റ് ഫുഡ് പ്രോസ്സസിംഗ് ഇവിടെയെല്ലാം സാദ്ധ്യതകൾ നിരവധിയാണ്. അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ട നിരവധി പദ്ധതികൾ മലബാറിൽ പ്രവർത്തന സജ്ജമായിവരുന്നു.

എം.എസ്.എം.ഇ. സംരംഭകർക്ക് എന്തുകൊണ്ടും ആശ്രയിക്കാവുന്ന മലബാറിൽ വലിയ തോതിൽ സംരംഭകർ താൽപര്യം പ്രകടിപ്പിച്ചു തുടങ്ങിയിരിക്കുന്നു. ഇത്തരം സംരംഭകർക്ക് വഴികാട്ടുകയും നമ്മുടെ ഇന്നലെകളും നാളെ എത്തിച്ചേരേണ്ട ലക്ഷ്യവും പുതിയ സംരംഭകർക്ക് മനസ്സിലാക്കികൊടുക്കുകയും നിലവിലെ പരമ്പരാഗത സംരംഭങ്ങൾ നവീകരിക്കേണ്ടതിന്റെ ആവശ്യകതയും അതിനുള്ള സാദ്ധ്യതയും അത് പൊതു സമൂഹത്തിന് ഗുണകരമായി എങ്ങിനെ മാറുമെന്നും വ്യവസായങ്ങളെ തടസ്സപ്പെടുത്തുന്ന സമീപനം ഉപേക്ഷിക്കുകയും പുതിയ തലമുറക്ക് ലക്ഷ്യബോധം വളർത്തിയെടുക്കുകയും നല്ല സംരംഭകർ നാടിന്റെ മുതൽകൂട്ടാണ് എന്ന സന്ദേശം പൊതുസമൂഹത്തിൽ എത്തിക്കാനുള്ള കെ.എസ്.എസ്.ഐ.എ.യുടെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമാണ് റീ ഇൻവെന്റ് മലബാർ ഗ്രോത്ത് സ്റ്റോറീസ് എന്ന തുടർ കാമ്പയിന്റെ ലക്ഷ്യം. ഉൽപാദനക്ഷമതയിലും നവീന ഉത്പാദനം കൈകാര്യം ചെയ്യാനുള്ള നൈപുണ്യത്തിലും നമ്മുടെ ആളുകൾ മുമ്പിലാണെങ്കിലും കഴിവുറ്റ മാനേജ്മെന്റ് വിദഗ്ദരുടെ കീഴിൽ സ്വദേശത്തും വിദേശത്തുമുള്ള മാർക്കറ്റിൽ മത്സരാധിഷ്ഠിതമായി മുന്നേറാൻ കഴിയുന്ന തരത്തിൽ നമ്മുടെ സ്ഥാപനങ്ങളെ വളർത്തിയെടുക്കേണ്ടതുണ്ട്.

പരിസ്ഥിതി പ്രശ്നങ്ങൾ ഉയർന്ന് വന്നപ്പോഴാണ് അതിനെ മറികടക്കാൻ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പരിഹരിക്കുന്നതിന് പകരം കേരളത്തിലിനി ഉൽപാദന വ്യവസായങ്ങൾക്ക് സാദ്ധ്യതയില്ലെന്നും സേവന മേഖലകൾ മാത്രം മതിയെന്ന ചിന്താഗതി മാറ്റേണ്ടിയിരിക്കുന്നു. ഉൽപാദന മേഖലയിലെ ചെറുകിട സംരംഭങ്ങളെ സംരക്ഷിക്കേണ്ട ആവശ്യകത എന്നത്തേക്കാളും ഇന്ന് സർക്കാരുകൾ മനസ്സിലാക്കി എന്നത് യാഥാർത്ഥ്യമാണ്.

പരിസ്ഥിതി മലിനീകരണ പ്രശ്നത്തിൽ മലബാർ മേഖലയിലുണ്ടായ വലിയ സമരമായിരുന്നു. കോഴിക്കോട് മാവൂർ 'ഗോളിയോർ റയേൺസ്' മുളയിൽ നിന്ന് റയേൺ പട്ട് ഉണ്ടാക്കുന്നതിനാവശ്യമായ നാരുകളും സെല്ലോഫിൻ കടലാസും ഉത്പാദിപ്പിക്കുന്ന 1958ൽ സ്ഥാപിതമായ ബിർള ഗ്രൂപ്പിന്റെ ഈ കമ്പനി ചാലിയാർ പുഴ മലിനമാക്കുന്നു എന്നതായിരുന്നു വിഷയം ദീർഘനാളത്തെ പ്രക്ഷോഭങ്ങൽക്കും രാഷ്ട്രീയ ഇടപെടലുകൾക്കും ശേഷം കമ്പനിയുടെ പ്രവർത്തനം പൂർണ്ണമായി നിറുത്തിവെച്ചു. മലബാർ മേഖലയിലെ വ്യവസായ വികസന ചരിത്രത്തിൽ വലിയ ആഘാതമായിരുന്നു ഈ സംഭവം. നൂറുകണക്കിന് ഏക്കർ ഭൂമി ഇന്നും ഉന്നത വ്യവസായങ്ങളുടെ സ്മാരക ഭൂമിയായി കാടുപിടിച്ച് കിടക്കുന്നു. ഇത്തരം വ്യവസായങ്ങൾ സ്ഥാപിക്കുമ്പോൾ മനുഷ്യനും പ്രകൃതിക്കും ദോഷകരമായി ബാധിക്കുന്ന പ്രശ്നങ്ങളോട് വേണ്ടത്ര ഗൗരവമായ സമീപനം ഉണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. 1972ൽ മാത്രമാണ് ഇന്ത്യയിൽ ജലവായു മലിനീകരണ നിയമ നിർമ്മാണം തന്നെ നടന്നത്.

ഗോളിയോർ റയേൺസ് കമ്പനി ഉയർത്തിവിട്ട പാരിസ്ഥിതിക അവബോധം അതിന്റെ യഥാർത്ഥ താൽപര്യം മറികടന്ന് മലബാറിലെ ഉത്പാദന മേഖലയിലെ ചെറുകിട സംരംഭങ്ങൾ പോലും ജനങ്ങളുടെ ജീവന് ഭീഷണിയാണെന്ന പൊതുബോധം സൃഷ്ടിച്ചു എന്നത് വാസ്തവമാണ്. ഏറെക്കാലം നമ്മുടെ രാഷ്ട്രീയ നേതൃത്വവും കണ്ണടച്ചു എന്നതാണ് സത്യം. പുതിയ സാങ്കേതി വിദ്യയും ലോകത്തെക്കുറിച്ചുള്ള അറിവുകളും ഇപ്പോൾ നേരത്തെയുണ്ടായിരുന്ന മനോഭാവത്തിൽ ചെറിയ മാറ്റം കണ്ടു തുടങ്ങിയിരിക്കുന്നു. ഇതിന് വേണ്ടി ചെറുകിട സംരംഭകരും കെ.എസ്.എസ്.ഐ.എ. പോലുള്ള പ്രസ്ഥാനങ്ങളും വഹിച്ച പങ്ക് ചെറുതല്ല.

കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് മലബാറിലെ പരമ്പരാഗതമായ സംരംഭങ്ങളെ നവീകരിക്കാനുള്ള ശ്രമങ്ങൾ ഉണ്ടായില്ല. നമ്മുടെ കൈത്തറി, ഓടു വ്യവസായം, തീപ്പെട്ടി വളപ്പട്ടണത്തും കല്ലായിലുമുണ്ടായിരുന്ന പ്രശസ്തമായ മരവ്യവസായം, ഫുഡ് പ്രൊസ്സസിംഗ് തുടങ്ങിയ മേഖലകളെല്ലാം പൂർണ്ണമായി തകർച്ചയിലെത്തിയെങ്കിലും പുതിയ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി തിരിച്ച് വരവിനുള്ള ചില മേഖലയുടെ ശ്രമം കാണാതിരിക്കാനാവില്ല. കൈത്തറി, ഫുഡ് പ്രോസ്സസിംഗ് കല്ലായ് ഫർണ്ണിച്ചർ ഹബ്ബ് തുടങ്ങിയ പദ്ധതികൾ മലബാറിന്റെ പ്രതീക്ഷ വർദ്ധിപ്പിക്കുന്നതാണ്.

ആഗോള ബിസിനസ് രംഗത്ത് ഐതിഹാസിക വിജയം നേടിയ ബിൽഗേറ്റ്സ് തന്റെ വിജയത്തിന് ആധാരമായി ചൂണ്ടിക്കാട്ടുന്ന വസ്തുതകൾ ശ്രദ്ധിക്കുക.

1. ബിസിനസ്സിൽ ഉചിത സമയത്ത് പ്രവേശിക്കുക. (Enter the Right business at the Right Time).
2. എന്താണ് നേടാൻ ആഗ്രഹിക്കുന്നത് എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് പുലർത്തുക. (Have a vision of what you want to Achieve).
3. ലക്ഷ്യം നേടാൻ ബൃഹത്തായ പ്രവർത്തനം ഉറപ്പാക്കുക. (Massive Action to Achieve your vision).■

**എഡിറ്റോറിയൽ ബോർഡ് മെമ്പർ ആണ് ലേഖകൻ.**

# ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രീയൽ എക്സ്പോ 2026 സ്റ്റാൾ ലേഔട്ട് അനാച്ഛാദനം ചെയ്തു




കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷനും, മെട്രോ മാർട്ടും സംയുക്തമായി 2026 ജനുവരി 16,17,18 തീയതികളിൽ അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ വച്ച് നടത്താൻ തീരുമാനിച്ച വിവരം എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയുടെ സ്റ്റാൾ ലേ-ഔട്ട് കളമശ്ശേരിയിലുള്ള കെ. എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റി ഓഫീസ് ഹാളിൽ വച്ച് നടന്ന ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീന്റെ അധ്യക്ഷതയിൽ അനാച്ഛാദനം ചെയ്തു. ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ സ്റ്റാൾ ലേ ഔട്ട് അനാച്ഛാദന ചടങ്ങിൽ എക്സിബിഷൻ കമ്മിറ്റി ചെയർമാൻ കെ.പി. രാമചന്ദ്രൻ നായർ, ജനറൽ സെക്രട്ടറി ജോസഫ് പൈകട, സംസ്ഥാന ട്രഷറർ ബി. ജയകൃഷ്ണൻ, സെൻട്രൽ സോൺ വൈസ് പ്രസിഡന്റ് പി.ജെ. ജോസ്, മെട്രോമാർട്ട് സി.ഇ.ഒ. സിജി നായർ, സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ടി.എസ്. ചന്ദ്രൻ എന്നിവർ പങ്കെടുത്തു. കഴിഞ്ഞ മൂന്നു മാസങ്ങളിലായി നടന്ന എക്സിബിഷന്റെ പ്രവർത്തനങ്ങളെ സംസ്ഥാന പ്രസിഡന്റ് വിലയിരുത്തി. കൂടാതെ അടുത്ത മൂന്നു മാസങ്ങൾ കൊണ്ട് പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങളെപ്പറ്റി അവലോകനവും നടത്തി. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള ജില്ലാ പ്രസിഡന്റുമാർ, ജില്ലാ സെക്രട്ടറിമാർ, അഫിലിയേറ്റഡ് സംഘടന പ്രസിഡന്റുമാർ എന്നിവർ എക്സിബിഷനെ സംബന്ധിച്ച് അവരുടെ ആശയങ്ങൾ പങ്കുവെച്ചു. മെക്കാനിക്കൽ എഞ്ചിനിയറിങ്ങ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്ക്സ്, ഓയിൽ, ഗ്യാസ്, എനർജി, പ്ലാസ്റ്റിക്ക്സ്, ഫുഡ് പ്രൊസ്സസിങ്ങ്, റബ്ബർ ആന്റ് ടെക്സ്റ്റൈൽ, ടൂൾസ് ആന്റ് മെഷിനറീസ്, സോളാർ എനർജി, ഇലക്ട്രിക്കൽ വെഹിക്കിൾസ് തുടങ്ങിയ വിഭാഗങ്ങളിലെ സ്റ്റാളുകൾ പ്രദർശനത്തിനുണ്ടാകും. വ്യവസായ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് അത്യാധുനിക മെഷിനറികൾ കാണുവാനും തങ്ങളുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുവാനും ഉള്ള ഒരു അസുലഭ അവസരമായിരിക്കും ഈ മേള. കഴിഞ്ഞ എക്സിബിഷനിൽ നിന്ന് ഒരുപാട് മാറ്റങ്ങളോടെയും, അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മെഷിനറികൾക്കും മറ്റും പ്രാമുഖ്യം നല്കി കൊണ്ടായിരിക്കും 2026-ൽ ഈ എക്സ്പോ സംഘടിപ്പിക്കുന്നത്. 600 ഇൽ അധികം സ്റ്റാളുകളും 30,000 വിസിറ്റേഴ്സും പങ്കെടുക്കുന്ന എക്സിബിഷൻ കേരളത്തിന്റെ വ്യാവസായിക ചരിത്രത്തിൽ ഒരു നാഴികക്കല്ലായി മാറും എന്നതിൽ സംശയമില്ല. ■

## നമ്മുടെ വ്യവസായം

വ്യവസായ സംബന്ധമായ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി പറയുന്നു. കെ.എസ്.എസ്.ഐ.എ. ന്യൂസിലൂടെ വായനക്കാരുടെ പ്രതികരണങ്ങൾ ഞങ്ങൾ പ്രസിദ്ധികരിക്കുന്നു. E-Mail: kssianews@gmail.com, kssiastate@gmail.com

# KPLEX 25

INTERNATIONAL PLASTICS EXHIBITION

11-14. SEPTEMBER 2025

KOCHI, INDIA

2nd Edition

ADLUX EXHIBITION CENTRE

*Come & Explore*

THE WORLD OF OPPORTUNITIES

SOUTH INDIA'S LEADING

INTERNATIONAL

## PLASTICS MACHINERY EXHIBITION

LIVE DEMONSTRATIONS OF MACHINES

| | | |
|---|---|---|
| 300+ Exhibitors | 30,000+ Trade Visitors | 10,000+ Sq.Mt Area Covered |

Organized by

Co-Organized by

Supported by

silver sponsors

**KERALA PLASTICS MANUFACTURERS' ASSOCIATION**

2nd Floor, Veekay Tower, Beerankunju Road, Ernakulam North, Kochi - 682 018, India.

Phone: 0484-2354115, 9961935587, 8075111065,9349252393

E-mail: info@kplexkochi.com, kpmacochin@gmail.com, Website : www.kplexkochi.com

25th July, 2025, Kalamassery
Regn. No. KERBIL/2005/23143

KSSIA NEWS

Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Licensed to Post without Pre-payment KL/CR/EKM/WPP-3/2023-25

Price ₹ 5.00




Publisher **A.Nizarudeen** and Printer Rajesh G. on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94477 10078, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.